കേരള സർക്കാർ

# നവകേരളം കർമപദ്ധതി

# പ്രവർത്തന റിപ്പോർട്ട്

## 2024 ഏപ്രിൽ

# ഉള്ളടക്കം

| | |
|---|---|
| ഹരിത കേരളം മിഷൻ | 6 |
| ലൈഫ് മിഷൻ | 27 |
| വിദ്യാകിരണം | 29 |
| ആർദ്രം മിഷൻ | 30 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 38 |

# പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | മാർച്ച് വരെ | ഏപ്രിൽ | ആകെ |
|---|---|---|---|
| ജലസംരക്ഷണം പ്രവർത്തനങ്ങൾ | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 26,721 | 102 | 26,823 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 30177.12 | 776.81 | 30953.93 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3174 | 70 | 3244 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 4762 | 82 | 4844 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 8388 | 88 | 8476 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 16491 | 324 | 16815 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 514 | 4 | 518 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 56398 | 889 | 57287 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ | | | 448 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം)<br>(*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 206* | 10 | 216 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | 212 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 674.36 | 92.3 | 766.661 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | 286 |
| കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | | | 2950 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | | | 856.23 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | 7 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2349 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | | | 544 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 59 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 65 |
| ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 92 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 15000 |
| പരിശോധന നടത്തിയ സ്ഥാപനങ്ങൾ | | | 14083 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | | | 9206 |
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | | | 35352 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 92 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2024 ഏപ്രിൽ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 92 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപ്പെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്ഥാപനങ്ങൾ | 85 |
| മാതൃകാ നെറ്റ് സീറോ കാർബൺ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് റിപ്പയറിങ്ങിലും മെയിന്റിനൻസിലുമുള്ള പരിശീലനം. | 109 |
| ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം ലഭിച്ച അധ്യാപകർ. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ആകെ 91 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്. പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ട് കൂടാതെ പഞ്ചായത്ത് തല കാമ്പയിൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ അലയമൺ ഗ്രാമപഞ്ചായത്തിൽ തരിശുഭൂമിയുടെ സർവ്വേ പൂർത്തീകരിച്ചു.

എല്ലാ വീടുകളിലും ഭക്ഷ്യവിളകൾ തുടർച്ചയായി കൃഷി ചെയ്തു വരുന്നു. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു.

- ❖ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഡയറ്റ് ക്യാമ്പസിൽ "ദർപ്പണം 2024" എന്ന പേരിൽ വിദ്യാർത്ഥികളുടെ സമൂഹ സമ്പർക്ക സഹവാസ ക്യാമ്പ് നടത്തി. മിഷൻ സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ ക്ലാസ്സെടുത്തു. ക്യാമ്പസ്സിനുള്ളിൽ നിന്നും ഉണ്ടാകുന്ന കാർബൺ എമിഷനുകൾ പരമാവധി കുറയ്ക്കുകയും പുറംതള്ളുന്ന കാർബൺ പ്രകൃതിയിൽ തന്നെ സംഭരിക്കാനുള്ള സംവിധാനം ഒരുക്കുകയും ചെയ്ത് നെറ്റ് സീറോയിലേക്ക് എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത 5 ഗ്രാമ പഞ്ചായത്തുകളിലും പഞ്ചായത്തു നേരിട്ട് വൈദ്യുതി ബില്ല് അടക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് എടുത്തിട്ടുണ്ട്. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണം നടത്തിയിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 50,000 രൂപ ഒരാൾക്ക് സബ്സിഡി ഇനത്തിൽ നൽകിക്കൊണ്ട് പഞ്ചായത്ത് 3 പേർക്ക് ഇലക്ട്രിക് സ്കൂട്ടർ വിതരണം നടത്തി.
- ❖ പാലക്കാട് ജില്ലയിൽ ജില്ലാ തല കോർ കമ്മിറ്റി മെയ് മാസം നടത്തുന്നതിനും, തുടർന്ന് ഗ്രാമപഞ്ചായത്ത് തല കോർ കമ്മിറ്റിയും ചേരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അംഗൻജ്യോതി പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത 6 ഗ്രാമപഞ്ചായത്തുകളിലെയും 151 അങ്കണവാടികൾക്ക് ഇൻഡക്ഷൻ കുക്കർ അനുബന്ധ പാത്രങ്ങൾ മെയ് മാസത്തിൽ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു. അകത്തേത്തറ, വെള്ളിനേഴി, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തുകളിൽ നെറ്റ് സീറോ പരിശീലനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ കാർബൺ ക്യാമ്പയിൻ പുതുതായി ഏറ്റെടുത്ത മണിയൂർ ഗ്രാമപഞ്ചായത്തിൽ കോർ ഗ്രൂപ്പ് യോഗം ചേരുകയും, പൊതുഇട, പൊതുസ്ഥാപന സർവ്വേ ആരംഭിക്കുകയും ചെയ്തു. പൊതു സ്ഥാപന സർവ്വേ ITI വിദ്യാർത്ഥികളെ ഉപയോഗിച്ചും പൊതുഇട സർവ്വേ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെ ഉപയോഗിച്ചുമാണ് നടത്തിയത് .
- ❖ വയനാട് ജില്ലയിൽ കോട്ടത്തറ, അമ്പലവയൽ, മീനങ്ങാടി, എടവക എന്നീ ഗ്രാമപഞ്ചായത്തുകളിൽ അവസ്ഥാവിശകലന യോഗം ചേരുകയും, ഗ്രാമപഞ്ചായത്തുകൾ നേരിട്ട് വൈദ്യുതി ബിൽ അടയ്ക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 41 | 68 | 165 | 311 | 544 | 0 | 0 | 0 | 0 | 172 | 92 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | |
| 9 | 8 | 16 | 27 | 51 | 8 | 250 | 0 | 0 | 26 | 0 |

- ❖ കാസർഗോഡ് ജില്ലയിൽ ഏപ്രിൽ 8ന് ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ അക്കാദമിക് ശിൽപശാല നടത്തി, നെറ്റ് സീറോ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ജില്ലയിലെ 11 നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിലെ ഹരിതസ്ഥാപനം വിലയിരുത്തൽ പുരോഗമിക്കുന്നുണ്ട്. ജില്ലയിൽ 8 ഗ്രാമപഞ്ചായത്തുകളിലെ കോർഗ്രൂപ്പ് അംഗങ്ങളുടെ യോഗവും പരിശീലനവും ഏപ്രിൽ മാസം നടന്നു. പരിശീലനത്തിൽ ഊർജ്ജസംരക്ഷണം, ഗതാഗതം, കൃഷി, പച്ചത്തുരുത്ത്, മാലിന്യസംസ്കരണം എന്നീ മേഖലകളിൽ ക്ലാസുകൾ നടന്നു. അങ്കണവാടി തലത്തിൽ ഊർജ്ജസംരക്ഷണ ക്ലാസുകൾ കിനാനൂർ, കരിന്തളം ഗ്രാമപഞ്ചായത്തിലെ 15

അങ്കണവാടികളിൽ ഏപ്രിൽ മാസത്തിൽ നടന്നു.

### 1.1) മില്ലറ്റ് കൃഷി

- ❖ ആലപ്പുഴ ജില്ലയിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 22 ൽ 50 സെന്റ് പാട്ടത്തിന് എടുത്ത് തരിശുഭൂമിയിൽ റാഗി കൃഷിയുടെ വിളവെടുപ്പ് നടത്തി.
- ❖ ആലപ്പുഴ ജില്ലയിൽ ദേവികുളങ്ങര, പെരുമ്പളം എന്നീ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ 46.5 ഏക്കർ വിസ്തൃതിയിൽ മില്ലറ്റ് കൃഷി ആരംഭിച്ചു. ചാമ, പനിവരഗ്, ചോളം, മണി ചോളം, റാഗി തുടങ്ങിയ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്.
- ❖ എറണാകുളം ജില്ലയിൽ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 4 ഹെക്ടർ സ്ഥലത്ത് മില്ലറ്റ് കൃഷി ആരംഭിച്ചു. മണിച്ചോളം, റാഗി, ചാമ തുടങ്ങിയ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. ചാമകൃഷിയുടെ വിളവെടുപ്പ് നടത്തി. മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ മില്ലറ്റ് കൃഷി വിളവ് എടുത്തു.
- ❖ കോഴിക്കോട് ജില്ലയിൽ വടകര നഗരസഭ പഴങ്കാവിലെ പള്ളിയെരഞ്ഞി പ്രദേശത്ത് ഹരിത കേരളം മിഷൻ, മില്ലറ്റ് മിഷൻ, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടത്തിയ മില്ലറ്റ് കൃഷിയുടെ വിളവെടുപ്പ് ഉത്ഘാടനം വാർഡിലെ കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തി.
- ❖ വയനാട് ജില്ലയിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ 1.3 ഹെക്ടർ മില്ലറ്റ് കൃഷി ആരംഭിച്ചു.

## 2. ജലസംരക്ഷണം പ്രവർത്തനങ്ങൾ

ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഏപ്രിൽ മാസത്തിൽ 776.813 കിലോമീറ്റർ നീർച്ചാലുകളും 70 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 82 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഏപ്രിൽ മാസത്തിൽ 88 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 324 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി ഏപ്രിൽ മാസത്തിൽ 4 സ്ഥിരം തടയണകളും 889 താൽക്കാലിക തടയണകളും നിർമ്മിച്ചു.

**ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി**
**(2021 ഏപ്രിൽ മുതൽ 2024 ഏപ്രിൽ മാസം വരെ).**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലികം തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 4690.96 | 533 | 420 | 701 | 2977 | 87 | 12157 |
| കൊല്ലം | 3666.35 | 180 | 415 | 648 | 3212 | 2 | 13881 |
| പത്തനംതിട്ട | 1281.62 | 155 | 191 | 507 | 879 | 23 | 3980 |
| ആലപ്പുഴ | 1141.20 | 66 | 42 | 197 | 226 | 2 | 31 |
| കോട്ടയം | 1196.91 | 52 | 249 | 411 | 544 | 9 | 1818 |
| ഇടുക്കി | 1314.23 | 181 | 200 | 273 | 292 | 45 | 1404 |
| എറണാകുളം | 2455.08 | 170 | 287 | 808 | 508 | 22 | 0 |
| തൃശ്ശൂർ | 1469.55 | 119 | 120 | 347 | 970 | 9 | 40 |
| പാലക്കാട് | 5402.39 | 663 | 804 | 508 | 1273 | 7 | 8389 |
| മലപ്പുറം | 1232.16 | 231 | 415 | 119 | 1876 | 46 | 701 |
| കോഴിക്കോട് | 1766.43 | 196 | 163 | 387 | 982 | 5 | 189 |
| വയനാട് | 1606.66 | 83 | 690 | 97 | 348 | 94 | 1698 |
| കണ്ണൂർ | 2356.08 | 463 | 462 | 2725 | 1453 | 101 | 10355 |
| കാസർഗോഡ് | 1374.32 | 152 | 386 | 748 | 1275 | 66 | 2644 |
| ആകെ | 30953.93 | 3244 | 4844 | 8476 | 16815 | 518 | 57287 |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 30953.93 കിലോമീറ്റർ നീർച്ചാലുകളും 3244 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 76690 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 4844 പുതിയ കുളങ്ങൾ നിർമ്മിച്ചു. 8476 കിണറുകൾ റീചാർജ്ജ് ചെയ്യാനും 16815 പുതിയ കിണറുകൾ നിർമ്മിക്കാനും കഴിഞ്ഞിട്ടുണ്ട്. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 518 സ്ഥിരം തടയണകളും 57287 താൽക്കാലിക തടയണകളും നിർമ്മിച്ചു. പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

- സർക്കാരിന്റെ പ്രകടന പത്രികയിൽ അമ്പതിനായിരം കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തും എന്ന് വാഗ്ദാനം നൽകിയിരുന്നു.
- ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയെ വിനിയോഗിച്ചും 2019 ഏപ്രിൽ മുതൽ 2024 ഏപ്രിൽ വരെ 15,708 (എണ്ണം) നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്. 30953.93 കിമീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. മുൻ സർക്കാരിന്റെ കാലയളവിൽ പുനരുജ്ജീവിപ്പിച്ച 45736 കിമീ ഉൾപ്പെടെ നിലവിൽ 76689.93 കിമീ നീർച്ചാലുകൾ സംസ്ഥാനത്ത് വീണ്ടെടുത്തിട്ടുണ്ട്.
- 3244 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, 4844 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു.
- പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ ദൂരം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.
- പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്.
- സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു.
- ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8476 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 16815 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3212 എണ്ണം), തിരുവനന്തപുരം (2977 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2725).

## 3. ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ ആദ്യമായി ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരഞ്ഞെടുത്ത 354 ഗ്രാമപഞ്ചായത്തുകളിലെ 122 ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരഞ്ഞെടുത്ത 448 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പെട്ട 216 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രണ്ടാമതായി തിരഞ്ഞെടുത്ത 354 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 43.32% ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് (ആകെ 448 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്. റിപ്പോർട്ട് മാസത്തിൽ 15

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ 10 ഗ്രാമപഞ്ചായത്തുകളിൽ കൂടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. നിലവിൽ 122 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാലയളവിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്.

### 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

| ജല ബജറ്റ് | | | | |
|---|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിവര ശേഖരണം പൂർത്തിയായത് | റിപ്പോർട്ട് അവതരണം പൂർത്തിയായത് | |
| | | ആകെ | കരട് റിപ്പോർട്ട് | റിപ്പോർട്ട് |
| തിരുവനന്തപുരം | 14 | 14 | 0 | 0 |
| കൊല്ലം | 40 | 28 | 28 | 25 |
| പത്തനംതിട്ട | 10 | 10 | 10 | 0 |
| ആലപ്പുഴ | 11 | 11 | 0 | 0 |
| കോട്ടയം | 63 | 19 | 19 | 1 |
| ഇടുക്കി | 12 | 12 | 0 | 0 |
| എറണാകുളം | 9 | 9 | 9 | 0 |
| തൃശ്ശൂർ | 12 | 12 | 12 | 0 |
| പാലക്കാട് | 23 | 23 | 16 | 16 |
| മലപ്പുറം | 9 | 9 | 5 | 0 |
| കോഴിക്കോട് | 67 | 67 | 56 | 29 |
| വയനാട് | 21 | 21 | 21 | 10 |
| കണ്ണൂർ | 27 | 27 | 25 | 9 |
| കാസർഗോഡ് | 36 | 36 | 34 | 32 |
| ആകെ | 354 | 298 | 235 | 122 |

- ❖ തിരുവനന്തപുരം ജില്ലയിൽ രണ്ടാംഘട്ടം ജല ബഡ്ജറ്റിനായി തിരഞ്ഞെടുത്ത 14 ഗ്രാമ പഞ്ചായത്തുകളിലും പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ 25 തദ്ദേശസ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണം പൂർത്തീകരിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ 10 ഗ്രാമപഞ്ചായത്തുകളിലും കരട് ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കി. സാങ്കേതിക സമിതികളുടെ പരിശോധന നടന്നു വരുന്നു.
- ❖ കോട്ടയം ജില്ലയിൽ രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് പുറമെ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് ഏറ്റെടുത്തിട്ടുണ്ട്. എല്ലായിടത്തും ഡാറ്റാ കളക്ഷൻ പുരോഗമിക്കുന്നു. കരട് റിപ്പോർട്ട് 5 ഗ്രാമപഞ്ചായത്തുകളിലും, പൂർത്തിയായ റിപ്പോർട്ട് ഒരു ഗ്രാമപഞ്ചായത്തിലും അവതരിപ്പിച്ചു.
- ❖ എറണാകുളം ജില്ലയിൽ ജലബജറ്റ് തയ്യാറാക്കിയ മുളന്തുരുത്തി, വൈപ്പിൻ ബ്ലോക്കുകളിലെ ഏറ്റവും അധികം ജല ദൗർലഭ്യമനുഭവപ്പെടുന്ന പ്രദേശങ്ങളുടെ ലിസ്റ്റ് ഏറ്റെടുത്തിട്ടുണ്ട്. തുടർപ്രവർത്തനങ്ങളായി ഇടപെടലുകൾ നടത്തിയിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ ജല ബജറ്റിന്റെ രണ്ടാംഘട്ടത്തിൽ കട്ടപ്പന, അടിമാലി ബ്ലോക്കുകൾ തിരഞ്ഞെടുത്തിരുന്നു. 12 ഗ്രാമപഞ്ചായത്തുകളുടെ വിവരശേഖരണം പൂർത്തീകരിച്ചു. കട്ടപ്പന ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളുടെയും റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്.
- ❖ പാലക്കാട് ജില്ലയിൽ മൂന്നാം ഘട്ടത്തിലെ കുഴൽമന്ദം ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചു. ജലബജറ്റ് ബ്ലോക്ക് തല കൺവെൻഷനും 7 ഗ്രാമപഞ്ചായത്തുകളുടെയും വിവരശേഖരണവും ഡാറ്റാ എൻട്രിയും പൂർത്തിക്കരിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ എല്ലാ ഗ്രമാപഞ്ചായത്തുകളിലും ജലബജറ്റ് റിപ്പോർട്ട് പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ജലസഭ നടത്താൻ സാധിക്കാത്ത വിഷയം ഉള്ളതിനാൽ തുടർപ്രവർത്തന അധ്യായം ഒഴികെയുള്ള അധ്യായം

പൂർത്തീകരിച്ചിട്ടുണ്ട്. ജലസഭകൂടെ നടത്തി ജൂൺ പകുതിയോടെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ് പൂർത്തിയാകും.

- ❖ ജലബജറ്റ് പൂർത്തിയായ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം, വടകര, ചേളന്നൂർ ബ്ലോക്കുകളിലും വടകര മുനിസിപ്പാലിറ്റിയിലും തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ❖ വയനാട് ജില്ലയിൽ മാനന്തവാടി, പനമരം, സുൽത്താൻ ബത്തേരി ബ്ലോക്കുകളിൽ ജലബജറ്റ് പൂർത്തിയായി, കൽപ്പറ്റ ബ്ലോക്കിൽ വിവരശേഖരണവും ഡാറ്റാ എൻട്രിയും പൂർത്തീകരിച്ചു. കൽപ്പറ്റ ബ്ലോക്കിലെ 8 ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്കിന്റെയും ജലബജറ്റ് മെയ് മാസത്തിൽ പ്രസിദ്ധീകരിക്കും. മുനിസിപ്പാലിറ്റികളായ കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലെ വിവരശേഖരണം പൂർത്തിയായി, ഡാറ്റാ എൻട്രി പൂർത്തീകരിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ഏപ്രിൽ മാസത്തിൽ 2 മുൻസിപ്പാലിറ്റികളുടെ (കാസർഗോഡ്, കാഞ്ഞങ്ങാട് നഗരസഭ) ജലബജറ്റ് റിപ്പോർട്ട് കൂടി തയ്യാറായി കഴിഞ്ഞു. റിപ്പോർട്ട് പരിശോധന നടന്നു വരുന്നു. ബാക്കി 2 ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ട് തയ്യാറാക്കലിന്റെ പ്രവർത്തനം നടന്നു വരുന്നു.

### 3.2 ജലബജറ്റ് - തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **109** | **402** | **597** | **204** | **1203** | **0** | **0** | **2** | **80** | **1955** | **413** |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിനായി "സുരക്ഷിതമാക്കാം പശ്ചിമ ഘട്ടം "എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമ ഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപ്പിംഗ് അവസാന ഘട്ടത്തിലാണ്. RKIയുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 212 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപ്പിംഗ് ജോലികൾ തീർക്കുവാനുള്ളത്. അവശേഷിക്കുന്ന 18 ഗ്രാമപഞ്ചായത്തുകളിലെ മപത്തോൺ ഇപ്പോൾ നടക്കുകയാണ്. ഇടുക്കി ജില്ലയിൽ താരതമ്യേന റോഡുകൾ തീരെ ഇല്ലാത്ത പ്രദേശവും, ചെങ്കുത്തായ മലനിരകളും, എസ്റ്റേറ്റ് മേഖലയും ആയതിനാൽ ഫീൽഡ് പ്രവർത്തനങ്ങളിൽ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.എന്നിരുന്നാലും 2024 മേയ്/ജൂൺ മാസത്തിൽ തന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ഏപ്രിൽ 2024

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 119 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാം ഘട്ടം ഗ്രാമപഞ്ചായത്ത്തല അവതരണം 119 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരൾച്ച പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

**സുരക്ഷിതമാക്കാം പശ്ചിമഘട്ടം - പ്രവർത്തന പുരോഗതി**

| | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്‌ലോഡ് ചെയ്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീവനം നടത്തിയത് (കി.മീറ്റർ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 7 | 192.58 |
| പത്തനംതിട്ട | 16 | 16 | 16 | 16 | 7 | 5 | 29.78 |
| കോട്ടയം | 32 | 32 | 30 | 30 | 26 | 0 | 9 |
| ഇടുക്കി | 49 | 31 | 31 | 23 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 15 | 14 | 13 | 57 |
| പാലക്കാട് | 51 | 51 | 51 | 46 | 27 | 27 | 352.601 |
| കോഴിക്കോട് | 14 | 14 | 14 | 14 | 13 | 0 | 0 |
| വയനാട് | 26 | 26 | 26 | 26 | 10 | 26 | 53.4 |
| കണ്ണൂർ | 18 | 18 | 18 | 18 | 15 | 15 | 72.3 |
| ആകെ | 230 | 212 | 210 | 195 | 119 | 93 | 766.661 |

- ❖ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങളായ അവതരണവും ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്.
- ❖ സംസ്ഥാനത്ത് മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ അകെ 119 ഗ്രാമപഞ്ചാത്തുകളിൽ അവതരണവും 93 ഗ്രാമപഞ്ചാത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നു. ഏപ്രിൽ മാസത്തിൽ മാത്രം 6 ഗ്രാമപഞ്ചാത്തുകളിൽ അവതരണവും 2 ഗ്രാമപഞ്ചാത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നു. ഇനിയും 93 ഗ്രാമപഞ്ചാത്തുകളിൽ അവതരണം നടത്തേണ്ടതുണ്ട്.
- ❖ മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ഏപ്രിൽ മാസം 92.3 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 93 ഗ്രാമപഞ്ചായത്തുകളിലായി 766.661 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ പാലക്കാട് (57.7 km), എറണാകുളം (12 km), കൊല്ലം (10 km), പത്തനംതിട്ട (8 km), കണ്ണൂർ (4.6km) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ഏപ്രിൽ മാസത്തിൽ നടന്നത്.
- ❖ കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലും അവതരണം

പൂർത്തീകരിച്ചിരുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നീർച്ചാലുകൾ വീണ്ടെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു. ഏപ്രിൽ മാസം 10 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഏപ്രിൽ വരെ 7 ഗ്രാമപഞ്ചായത്തുകളിലായി 192.58 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

- ❖ കോട്ടയം ജില്ലയിൽ ഏപ്രിൽ മാസം 6 ഗ്രാമപഞ്ചായത്തുകളിൽ അവതരണം നടത്തി. ഇതുവരെ 26 ഗ്രാമപഞ്ചായത്തുകളിൽ അവതരണം പൂർത്തീകരിച്ച മാപിംഗിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ ഫീൽഡ് സന്ദർശനം പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ഫയലുകൾ അപ്‌ലോഡ് ചെയ്യുകയും ഏപ്രിൽ മാസം വരെ ആകെ 23 ഗ്രാമപഞ്ചായത്തുകൾക്ക് അപ്രൂവൽ ലഭിക്കുകയും ചെയ്തു. ഇനിയും നീർച്ചാലുകൾ മാപ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ മാപത്തോൺ പ്രവർത്തനങ്ങൾ 51 ഗ്രാമപഞ്ചായത്തുകളിലും പൂർത്തീക്കരിച്ചു. ആകെ 2649 സ്ട്രീമുകളെയാണ് ഇതുവരെ മാപ് ചെയ്തിട്ടുള്ളത്. ഏപ്രിൽ മാസം വരെ 45 ഗ്രാമപഞ്ചായത്തുകൾക്ക് അപ്രൂവൽ ലഭിച്ചിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ മാപത്തോൺ രണ്ടാം ഘട്ടം അവതരണം പൂർത്തിയാക്കാൻ ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളിൽ മേയ് മാസം അവതരണം ആരംഭിക്കും. മേയ് മാസം പുതുപ്പരിയാരം, മരുതറോഡ് എന്നീ ഗ്രാമപഞ്ചായത്തുകളിലും അവതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

| മാപ്പത്തോൺ ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 22 | 121 | 242 | 76 | 439 | 0 | 0 | 0 | 0 | 57 | 52 |

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ച് കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു. ഫീൽഡുതല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ച് കൊണ്ട് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ചിരുന്നു.

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 312 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ

നൽകുന്നുണ്ട്.

| നീരുറവ് പ്രവർത്തന പുരോഗതി | | | | | |
|---|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | നീരുറവ് പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തന ങ്ങൾ | % |
| തിരുവനന്തപുരം | 8 | 8 | 140 | 140 | 100.00% |
| കൊല്ലം | 12 | 12 | 975 | 504 | 51.69% |
| പത്തനംതിട്ട | 23 | 23 | 1651 | 266 | 16.11% |
| ആലപ്പുഴ | 5 | 5 | 96 | 35 | 36.46% |
| കോട്ടയം | 36 | 36 | 503 | 503 | 100.00% |
| ഇടുക്കി | 35 | 35 | 1213 | 506 | 41.71% |
| എറണാകുളം | 34 | 34 | 1445 | 628 | 43.46% |
| തൃശ്ശൂർ | 8 | 8 | 124 | 80 | 64.52% |
| പാലക്കാട് | 66 | 66 | 5918 | 5918 | 100.00% |
| മലപ്പുറം | 7 | 7 | 117 | 107 | 91.45% |
| കോഴിക്കോട് | 24 | 17 | 343 | 185 | 53.94% |
| വയനാട് | 26 | 26 | 514 | 514 | 100.00% |
| കണ്ണൂർ | 23 | 23 | 2106 | 1940 | 92.12% |
| കാസർഗോഡ് | 5 | 5 | 250 | 222 | 88.80% |
| ആകെ | 312 | 305 | 15395 | 11548 | 75.01% |

- സംസ്ഥാനത്ത് ഏറ്റടുത്ത 15395 നീരുറവ് പ്രവർത്തനങ്ങളിൽ 11548 പ്രവർത്തനങ്ങൾ (75.01%) പൂർത്തീകരിച്ചു.
- നീരുവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചത് പാലക്കാട് ജില്ലയാണ്. പാലക്കാട് ജില്ലയിൽ ഏറ്റടുത്ത 5918 പ്രവർത്തനങ്ങളിൽ 5918 എണ്ണവും പൂർത്തീകരിച്ചു.
- കണ്ണൂർ ജില്ലയിൽ 2106 പ്രവർത്തനങ്ങളിൽ 1940 എണ്ണവും, വയനാട് ജില്ലയിൽ 514 പ്രവർത്തനങ്ങളിൽ 514 എണ്ണവും പൂർത്തീകരിച്ചു. പത്തനംതിട്ട ജില്ലയിലും (1651), എറണാകുളം ജില്ലയിലും (1445), ഇടുക്കി ജില്ലയിലും (1213) കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റടുത്തിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ ജല ബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് എന്ന കാമ്പയിനുമായി ബന്ധപ്പെട്ട് മുഖത്തല ബ്ലോക്കിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളിലും വിവിധ വകുപ്പുകളുടെ സംയോജനത്തോടെ അടിയന്തരമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3 ഗ്രാമപഞ്ചായത്തുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ ജലബജറ്റ് - നീരുറവ് പ്രവർത്തനങ്ങളുടെ ഭാഗമായി ഇടുക്കി ബ്ലോക്കിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ മണിയറംകുടി നീർത്തടത്തിൽ നിലവിൽ കയർ ഭൂവസ്ത്ര പ്രവർത്തനങ്ങൾ 2400 മീറ്റർ പൂർത്തീകരിച്ചു, ബാക്കിയുള്ളത് ജൂൺ മുതൽ പുനരാരംഭിക്കും.
- എറണാകുളം ജില്ലയിൽ 40 ഗ്രാമപഞ്ചായത്തുകളിലെ 126 സ്ഥാപനങ്ങളിലെ കിണറുകൾ റീച്ചാർജ് ചെയ്യുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കി തുടർനടപടികൾ ഏറ്റെടുത്തിട്ടുണ്ട്. മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ തുരുത്തിക്കാര സയൻസ് സെന്റർ, നവകേരളം കർമ്മപദ്ധതി ടീം സന്ദർശിച്ചു.
- പാലക്കാട് ജില്ലയിൽ നീരുറവ് പ്രവർത്തനങ്ങൾ ജില്ലാതല സാങ്കേതിക സമിതിയും ബ്ലോക്ക് തല സാങ്കേതിക സമിതിയും മേയ് മാസം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജലസംരക്ഷണ പ്രവർത്തനങ്ങൾ മുഖ്യ പ്രവർത്തനങ്ങളാക്കി നീരുറവ് പദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ട്.

- ❖ കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏപ്രിൽ മാസത്തിൽ 21 പ്രവർത്തികൾ നടന്നിട്ടുണ്ട്. 0.7 കിമീ നീളത്തിൽ 3 നീർച്ചാലുകളുടെ പുനരുജ്ജീവനവും (അജാനൂർ-2, ഉദുമ-1) ഉദുമയിൽ ഒരു കിണർ റീചാർജ്ജിംഗും നടന്നു. കൂടാതെ അജാനൂരിൽ 7, മടിക്കൈ 5, ഉദുമയിൽ 3, പള്ളിക്കര, പുല്ലൂർ പെരിയ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോ കിണറുകളും നിർമ്മിച്ചു.

| നീരുറവ് ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **70** | **180** | **551** | **111** | **842** | **0** | **0** | **0** | **0** | **533** | **361** |

## 6. പച്ചത്തുരുത്തുകൾ

- ❖ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി 2019 ജൂൺ മാസം മുതൽ 2024 ഏപ്രിൽ വരെ 856.21 ഏക്കർ ആകെ വിസ്തൃതിയിൽ 2950 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (244.89 ഏക്കർ ആകെ വിസ്തൃതിയിൽ 150 പച്ചതുരുത്തുകൾ).
- ❖ എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (148.04 ഏക്കർ ആകെ വിസ്തൃതിയിൽ 662 പച്ചതുരുത്തുകൾ).പാലക്കാട് (111.72 ഏക്കർ ആകെ വിസ്തൃതിയിൽ 271), മലപ്പുറം (71.37 ഏക്കർ ആകെ വിസ്തൃതിയിൽ 128) എന്നീ ജില്ലകളിലും കൂടുതൽ വിസ്തൃതിൽ പച്ചതുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലയിലും ഹരിത കേരളം മിഷൻ ഉദ്യോഗസ്ഥർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്.
- ❖ കൊല്ലം ജില്ലയിൽ 20 പച്ചത്തുരുത്തുകളുടെ പുനർസന്ദർശനവും പൂർത്തീകരിച്ചിട്ടുണ്ട്. ജൂൺ മാസം സ്ഥാപിക്കാനായി 70.87 ഏക്കർ വിസ്തൃതിയിൽ 64 പച്ചത്തുരുത്തുകൾ കണ്ടത്തിയിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ 16 പച്ചത്തുരുത്തുകൾ റീവിസിറ്റ് ചെയ്തിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിലെ നഗരമദ്ധ്യത്തിൽ കലൂർ ഗോകുലം പാർക്ക് ഹോട്ടലിന് അടുത്തായി പച്ചത്തുരുത്തിനായി 30 സെന്റ് വിസ്തൃതിയിൽ കണ്ടെത്തിയിട്ടുള്ള സ്ഥലം ജെസിബി ഉപയോഗിച്ച് വൃത്തിയാക്കി.
- ❖ പാലക്കാട് ജില്ലയിൽ ഏപ്രിൽ മാസത്തിൽ 20 പച്ചത്തുരുത്തുകൾ പുനസന്ദർശനം നടത്തി. പുനസന്ദർശനം നടത്തിയ 20 പച്ചത്തുരുത്തുക്കളിൽ 1661 സെന്റിൽ ഏകദേശം 3900 വൃക്ഷതൈകൾ നിലവിലുണ്ട്. പാലക്കാട് ജില്ലയിൽ ജൂൺ മാസം സ്ഥാപിക്കാനായി 4.37 ഏക്കർ വിസ്തൃതിയിൽ 46 പച്ചത്തുരുത്തുകൾ കണ്ടെത്തിയിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിൽ പുതിയതായി പച്ചത്തുരുത്തുകൾ ആരംഭിക്കുന്നതിനായി 2647 ഓളം തൈകൾ വനം വകുപ്പിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിൽ 66 പച്ചത്തുരുത്തുകൾ പുനസന്ദർശനം നടത്തി.
- ❖ കാസർഗോഡ് ജില്ലയിൽ നീലേശ്വരം ബ്ലോക്കിലെ വലിയപറമ്പയിൽ 10000 ത്തോളം കണ്ടൽ ചെടികൾ നഴ്സറിയിൽ തയ്യാറായിട്ടുണ്ട്. 24 കിലോമീറ്റർ കടൽ തീരമുള്ള പഞ്ചായത്തിൽ തീരസംരക്ഷണ ബണ്ട് മണൽ കൊണ്ട് ഉണ്ടാക്കി കയർ ഭ്രവസ്ത്രം വിരിച്ച് അടമ്പാം വള്ളി നടുന്നതിനുള്ള ഒരു പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുണ്ട്.

| ജില്ല | നിലവിലുള്ള പച്ചത്തുരുത്തുകൾ | | ജൂൺ മാസത്തിൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലങ്ങൾ | |
|---|---|---|---|---|
| | എണ്ണം | വിസ്തൃതി (ഏക്കർ) | എണ്ണം | വിസ്തൃതി (ഏക്കർ) |
| തിരുവനന്തപുരം | 453 | 51.11 | 33 | 38.73 |
| കൊല്ലം | 219 | 32.8 | 64 | 70.87 |
| പത്തനംതിട്ട | 157 | 24.12 | 76 | 15.79 |
| ആലപ്പുഴ | 79 | 17.61 | 20 | 10.71 |
| കോട്ടയം | 236 | 27.82 | 70 | 40 |
| ഇടുക്കി | 61 | 20.28 | 12 | 0.6 |
| എറണാകുളം | 123 | 16.5 | 36 | 3.75 |
| തൃശ്ശൂർ | 157 | 26.94 | 26 | 10.99 |
| പാലക്കാട് | 271 | 111.72 | 46 | 4.37 |
| മലപ്പുറം | 129 | 71.37 | 37 | 2.26 |
| കോഴിക്കോട് | 190 | 41.81 | 91 | 15.043 |
| വയനാട് | 63 | 21.19 | 8 | 4.1 |
| കണ്ണൂർ | 150 | 244.89 | 45 | 24.785 |
| കാസർഗോഡ് | 662 | 148.04 | 60 | 9.63 |
| ആകെ | 2950 | 856.21 | 624 | 251.628 |

❖ നിലവിൽ പരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ 500 ഏക്കറിൽ കൂടി പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനായി ലക്ഷ്യം നല്കിയിട്ടുണ്ട്. ഇതിൽ ഏപ്രിൽ മാസം വരെ 251.63 ഏക്കർ ആകെ വിസ്തൃതിയിൽ 624 പച്ചത്തുരുത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കൊല്ലം, കോട്ടയം, തിരുവനന്തപുരം, എന്നീ ജില്ലകളിലാണ് കൂടുതൽ സ്ഥലം കണ്ടത്തിയിട്ടുള്ളത്. 251.63 ഏക്കർ വിസ്തൃതിയിൽ നടാൻ ആവശ്യമായ നടീൽ തൈകൾ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

| പച്ചത്തുരുത്ത് ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 83 | 225 | 452 | 220 | 897 | 1 | 33 | 0 | 0 | 1439 | 617 |

## 7. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (1 GP per Block) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (20 wards per Block) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 7 | 3040 | 2349 | 544 |

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ

നേതൃത്വത്തിൽ കൃഷി ചെയ്ത് തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 7 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനം റിപ്പോർട്ട് മാസം വരെ 2349 വാർഡുകളിൽ നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലായി 544 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തിരുവനന്തപുരം(170), കാസഗോഡ്(150), കണ്ണൂർ(126), വയനാട്(48) എന്നീ ജില്ലകളാണ്.

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 59 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ കൊല്ലം ജില്ലയിൽ 2024-25 സാമ്പത്തിക വർഷത്തിൽ അലയമൺ ഗ്രാമപഞ്ചായത്ത് പച്ചക്കറി കൃഷിയ്ക്കായി 4,20,000 രൂപ പ്രൊജക്റ്റ് ഉണ്ട്. MGNREGS വഴി 10 ഏക്കർ തരിശു ഭൂമി കൃഷി യോഗ്യമാക്കി. ഇത്തരത്തിൽ തരിശു രഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2 ഹെക്ടർ ഭൂമി പന്നി ശല്യംകാരണം കൃഷി യോഗ്യമാക്കാൻ സാധിക്കില്ല.
- ❖ കൊല്ലം ജില്ലയിൽ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ തരിശ് രഹിതമാക്കുന്നതിനും നെൽകൃഷി ആരംഭിക്കുന്നതിനുമായി എല്ലാ വാർഡുകളിലും കർഷക കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ കുഴൽമന്ദം ബ്ലോക്കിലെ കോട്ടായി ഗ്രാമപഞ്ചായത്ത് തരിശുരഹിത ഗ്രാമമായി പ്രഖ്യാപനം നടത്താൻ ഒരുങ്ങുന്നു. ഹരിതസമൃദ്ധി വാർഡ് കാമ്പയിന്റെ ഭാഗമായി കുഴൽമന്ദം ബ്ലോക്കിൽ കോട്ടായി ഗ്രാമപഞ്ചായത്തിലെ 4 വാർഡുകൾ ഹരിതസമൃദ്ധി വാർഡ് ആയിട്ടുണ്ട്. മേയ് മാസത്തിൽ ഈ 4 വാർഡുകളും ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിലെ ഇടപ്പള്ളി തൃക്കോവിൽ ശ്രീകൃഷ്ണ ക്ഷേത്രം, മുളന്തുരുത്തി പൂത്രിക്കോവിൽ ക്ഷേത്രം എന്നിവിടങ്ങളിൽ ദേവഹരിതം പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് ക്ഷേത്ര ഭാരവാഹികൾക്കായി അവതരണം നടത്തി.
- ❖ തൃശ്ശൂർ ജില്ലയിൽ ദേവഹരിതം പദ്ധതിയുടെ ഭാഗമായി 6 ഗ്രാമപഞ്ചായത്തുകളിലായി 9 ദേവാലയങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

**കാർഷിക മേഖലയിലെ ഏപ്രിൽ മാസത്തെ ഇടപെടലുകൾ**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **37** | **112** | **170** | **106** | **388** | **0** | **0** | **1** | **11** | **259** | **301** |

## 8. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

| ജലഗുണനിലവാര നിർണ്ണയ ലാബ് ഏപ്രിൽ പുരോഗതി | | | |
|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | |
| | | ഏപ്രിൽ | ആകെ |
| തിരുവനന്തപുരം | 13 | 0 | 1,478 |
| കൊല്ലം | 11 | 0 | 1,090 |
| ആലപ്പുഴ | 22 | 1 | 742 |
| ഇടുക്കി | 35 | 89 | 1,970 |
| തൃശ്ശൂർ | 54 | 8 | 17,367 |
| പാലക്കാട് | 10 | 0 | 185 |
| കോഴിക്കോട് | 29 | 69 | 1,891 |
| കണ്ണൂർ | 21 | 1 | 1,583 |
| കാസർഗോഡ് | 12 | 3 | 517 |
| ആകെ | 207 | 102 | 26,823 |

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മാർച്ച് മാസം വരെ ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 207 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഏപ്രിൽ മാസത്തെ 102 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 26,823 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

❖ ഇടുക്കി ജില്ലയിൽ 6 സ്കൂളുകളിലെ ജല ഗുണതാ പരിശോധന ലാബിന്റെ പ്രവർത്തനം മിഷൻ നേരിട്ട് പരിശോധിച്ച് വിലയിരുത്തി.

❖ ഇടുക്കി ജില്ലയിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ജല പരിശോധന ലാബിൽ അവധിക്കാലത്ത് എൻഎസ്എസ് കുട്ടികളുടെ നേതൃത്വത്തിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനകൾ നടത്തി.

❖ പാലക്കാട് ജില്ലയിൽ നിലവിൽ ചിറ്റൂർ നഗരസഭയിലെ ഗവ. വിക്ടോറിയ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ മാത്രമാണ് ജലഗുണനിലവാര പരിശേധനകൾ നടന്നു വരുന്നത്. ബാക്കി സ്കൂളുകളിൽ പരിശോധന നടത്തുന്നതിനു വേണ്ട ഇടപെടലുകൾ നടന്നു വരുന്നുണ്ട്.

❖ മലപ്പുറം ജില്ലയിൽ നിലവിൽ രണ്ട് എംഎൽഎമാരാണ് ലാബിനുവേണ്ടി ഫണ്ട് വകയിരുത്തിയിട്ടുള്ളത്. നിലമ്പൂർ എംഎൽഎ അഞ്ചു ലക്ഷവും (4 സ്കൂളുകൾക്ക്), കൊണ്ടോട്ടി എംഎൽഎ ഒന്നര ലക്ഷവും (1 സ്കൂളിന്) ആണ് ലഭ്യമായത്. അതിൽ കൊണ്ടോട്ടി എംഎൽഎയുടെ പ്രൊജക്ടിന് AS ലഭ്യമായിട്ടുണ്ട്. നിലമ്പൂർ MLA യുടെ 5 ലക്ഷത്തിനുള്ള AS ആയിട്ടില്ല. KIIDC യിൽ നിന്നുള്ള തീരുമാനം വരാനുണ്ട്.

## 9. ഹരിത സ്ഥാപനങ്ങൾ

ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും ഇന്റേൺഷിപ്പ് ട്രെയിനിമാരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.

❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നല്കിയിട്ടുണ്ട്. പരിശോധന കമ്മിറ്റി

വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.

- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണ, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ❖ സ്ഥലവും മറ്റ് പരിമിതികളും കാരണം ചില സ്ഥാപനങ്ങൾക്ക് പച്ചത്തുരുത്ത് ഉൾപ്പെടെയുള്ളവ നടപ്പാക്കാൻ പ്രയാസമുണ്ടാകും എന്നതിനാലാണ് എ ഗ്രേഡ് കിട്ടുന്നവർക്കും ഹരിത സാക്ഷ്യപത്രം നൽകുന്നത്.
- ❖ ജൂൺ മാസത്തിനുള്ളിൽ 15000 സ്ഥാപനങ്ങളെ ഹരിതസ്ഥാപന പദവിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1786 | 1267 | 396 | 177 |
| കൊല്ലം | 1910 | 938 | 626 | 344 |
| പത്തനംതിട്ട | 1290 | 807 | 340 | 145 |
| ആലപ്പുഴ | 613 | 456 | 119 | 41 |
| കോട്ടയം | 593 | 417 | 122 | 54 |
| ഇടുക്കി | 531 | 360 | 112 | 59 |
| എറണാകുളം | 1163 | 487 | 394 | 281 |
| തൃശ്ശൂർ | 2108 | 1391 | 670 | 69 |
| പാലക്കാട് | 628 | 445 | 120 | 65 |
| മലപ്പുറം | 678 | 366 | 227 | 84 |
| കോഴിക്കോട് | 708 | 525 | 31 | 56 |
| വയനാട് | 148 | 86 | 23 | 40 |
| കണ്ണൂർ | 1062 | 923 | 129 | 10 |
| കാസർകോട് | 865 | 738 | 100 | 27 |
| ആകെ | 14083 | 9206 | 3409 | 1452 |

- ❖ ഏപ്രിൽ മാസം വരെ 14083 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി. 9206 (65.36%) സ്ഥാപനങ്ങൾക്ക് ഹരിതസ്ഥാപന പദവി ലഭിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ, കാസറഗോഡ്, ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം, പാലക്കാട്, കോട്ടയം, എന്നീ ജില്ലകൾ ഏറ്റെടുത്ത സ്ഥാപനങ്ങളിൽ ഇടപെടലുകൾ നടത്തി 70 ശതമാനത്തിനു മുകളിൽ ഹരിത സ്ഥാപനങ്ങളാകുകയും ചെയ്തിട്ടുണ്ട്.
- ❖ തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം, എന്നീ ജില്ലകളിൽ കൂടുതൽ സ്ഥാപനങ്ങളിൽ അസ്സെസ്സ്മെന്റ് നടത്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ 1910 ഓഫീസുകളിൽ പരിശോധനയും ഗ്രേഡിങ്ങും പൂർത്തീകരിച്ചു.

- ❖ പത്തനംതിട്ട ജില്ലയിൽ 1290 സ്ഥാപനങ്ങളിൽ ഹരിതസ്ഥാപന വിലയിരുത്തലും, ഗ്രേഡിംഗും പൂർത്തീകരിച്ചു. 225 സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി.
- ❖ കോട്ടയം ജില്ലയിൽ 63 സ്ഥാപനങ്ങളിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഏപ്രിൽ മാസം വരെ 72 വിദ്യാലയങ്ങളാണ് ഹരിത വിദ്യാലയമായി ജില്ലയിൽ പ്രഖ്യാപിച്ചത്. അടുത്ത അധ്യായന വർഷം ആരംഭിക്കുന്നതോടെ കൂടുതൽ വിദ്യാലയങ്ങളെ ഹരിത വിദ്യാലയ പദവിയിലേക്ക് എത്തിക്കുന്നതാണ്.
- ❖ എറണാകുളം ജില്ലയിൽ വടക്കേക്കര ഗ്രാമപഞ്ചായത്തിലെ SNM ട്രൈനിംഗ് കോളജ് പറവൂരിൽ ഗ്രീൻ ക്യാമ്പസ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. കോളേജിന് ഗ്രീൻ ക്യാമ്പസ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ 446 വിദ്യാലയങ്ങളും, 114 ഓഫീസുകളും സന്ദർശിച്ച് ഹരിത സ്ഥാപനം സംബന്ധിച്ച് അവതരണം നടത്തുകയും നോഡൽ ഓഫീസർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു. സന്ദർശനം നടത്തിയ എല്ലാ സ്ഥാപനങ്ങളും ഹരിത സ്ഥാപനമായി പ്രഖ്യാപിക്കാൻ സജ്ജമായി കഴിഞ്ഞു.
- ❖ പാലക്കാട് ജില്ലയിൽ ഏപ്രിൽ മാസത്തിൽ പുതിയതായി പട്ടാമ്പി, തൃത്താല, നെന്മാറ, കുഴൽമന്ദം, ചിറ്റൂർ ബ്ലോക്കുകളിൽ 40 സ്ഥാപനങ്ങൾ ഹരിത ഓഡിറ്റ് നടത്തി അതിൽ 38 സ്ഥാപനങ്ങൾ ഹരിതസ്ഥാപനം പദവി കരസ്ഥമാക്കിയിട്ടുണ്ട്. ജില്ലയിൽ 107 സ്ഥാപനങ്ങൾ റീവിസിറ്റ് നടത്തിയതിൽ 87 സ്ഥാപനങ്ങൾ കൂടി ഹരിതസ്ഥാപനം പദവി നേടി.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിത ക്യാമ്പസ് പ്രവർത്തനത്തിനായി മടപ്പള്ളി ഗവ. കോളേജ്, ശ്രീനാരായണ ഗുരു കോളേജ് ചേളന്നൂർ, കുന്ദമംഗലം ഗവ. കോളേജ്, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് എന്നീ ക്യാമ്പസുകൾ തിരഞ്ഞെടുത്തു.
- ❖ കാസർഗോഡ് ജില്ലയിൽ 865 സ്ഥാപനങ്ങൾ വിസിറ്റ് ചെയ്തു. അതിൽ 738 സ്ഥാപനങ്ങൾ ഹരിതസ്ഥാപനം പദവിയിലെത്തി. ഏപ്രിൽ മാസം 7 സ്ഥാപനങ്ങൾ പുനസന്ദർശിച്ച് ഹരിതസ്ഥാപനമാക്കി മാറ്റുവാൻ കഴിഞ്ഞു.
- ❖ സംസ്ഥാനത്ത് 118 കോളേജ് ക്യാംമ്പസുകളെ ഗ്രീൻ ക്യാംമ്പസ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാലയും ഗ്രീൻ ക്യാംമ്പസ് ആയി പ്രഖ്യാപിച്ചു.
- ❖ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ക്യാംമ്പസുകൾ ഹരിതമാക്കിയത് കണ്ണൂർ ജില്ലയും (25 കോളേജ് ക്യാംമ്പസുകൾ), തിരുവനന്തപുരം ജില്ലയുമാണ് (24 കോളേജ് ക്യാംമ്പസുകൾ)

| ഹരിത സ്ഥാപനം ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ | പ്രവർത്തനങ്ങളിലുള്ള |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | ഇടപെടലുകളുടെ എണ്ണം | ജനപങ്കാളിത്തം |
| 302 | 275 | 1776 | 540 | 2591 | 0 | 0 | 2 | 71 | 941 | 1450 |

## 10. വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 10.1 ഹരിത ടൂറിസം

- ❖ ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 92 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ

പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ❖ ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- ❖ പത്തനംതിട്ട ജില്ലയിൽ കോന്നി ആനക്കൂട് ജൈവ അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തി. സോളാർ പദ്ധതിയുടെ പുനരുദ്ധാരണം, ഭിന്നശേഷി സൗഹൃദമാക്കൽ ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ അടവി ഇക്കോ ടൂറിസം കേന്ദ്രത്തിൽ വന പ്രദേശത്ത് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിന് പട്രോളിംഗ് നടത്തുകയും, പ്രദേശവാസികൾക്ക് ഇതു സംബന്ധിച്ച ബോധവൽക്കരണം നടത്തിയതായും ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ ഹരിത ടൂറിസവുമായി ബന്ധപ്പെട്ട് ജില്ലയിൽ അരീക്കൽ, കൊച്ചരിയിക്കൽ, പാണിയേലിപോര് എന്നീ കേന്ദ്രങ്ങളുടെ അവസ്ഥാപഠനം പൂർത്തീകരിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ഹരിത ടൂറിസമാക്കുന്നതിനായി പുഴക്കൽ ബ്ലോക്കിലെ പൂമല ഡാം, തളിക്കുളം ബ്ലോക്കിലെ സ്നേഹതീരം ബീച്ച്, ചേറ്റുവ ടിപ്പുകോട്ട എന്നീ 3 പുതിയ കേന്ദ്രങ്ങൾ കൂടി തിരഞ്ഞെടുത്തു.
- ❖ പാലക്കാട് ജില്ലയിൽ വെള്ളിയാങ്കല്ല് പൈതൃക പാർക്കിൽ 4 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. മലമ്പുഴ ഗാർഡനിൽ 72 വേസ്റ്റ് ബിന്നുകളും. പ്രവർത്തനയോഗ്യമല്ലാതിരുന്ന ശുചിമുറികൾ ഉപയോഗ്യമാക്കുകയും ചെയ്തു.
- ❖ കണ്ണൂർ ജില്ലയിലെ ഇരിട്ടി എടക്കാനം വ്യൂ പോയിന്റിൽ ഇരിട്ടി ഹരിത ടൂറിസം ശിൽപശാല നടന്നു. ശിൽപശാലയിൽ 400 പേർ പങ്കെടുത്തു. ഇരിട്ടിയെ ഒരു ടൂറിസം ഹബ്ബാക്കി മാറ്റുമ്പോൾ ഓരോ സ്പോട്ടുകളിലേക്കും എത്തിചേരുന്നതിനുള്ള റോഡ് വികസനം ആവശ്യമാണ്. ഈറ്റമുള, കണ്ടൽ വ്യാപനം ആവശ്യമാണ്, നിലവിലുള്ള ശുചിത്വം നിലനിർത്താൻ പദ്ധതികൾ കൊണ്ട് വരണം, മാലിന്യ നിക്ഷേപം തടയാൻ മാർഗങ്ങൾ സ്വീകരിക്കണം. ടൂറിസം സ്ഥലങ്ങളിലേക്ക് ഉണ്ടാവാൻ സാധ്യതയുള്ള ലഹരി മാഫിയയുടെ കൈകടത്തൽ പൂർണമായും തടയണം, ടൂറിസ്റ്റ് പോയിന്റിൽ എത്തുന്ന ആളുകൾക്ക് സുരക്ഷ ഉറപ്പ് വരുത്തണം (ലൈഫ് ജാക്കറ്റ്, ജൈവ വേലി എന്നിവ നിർബന്ധമായും വേണം), ഹോം സ്റ്റേകൾ ഉണ്ടാക്കാൻ സാധിക്കണം, അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമായും വേണം എന്നിവയാണ് ഉയർന്ന് വന്ന നിർദേശങ്ങൾ.
- ❖ കാസർഗോഡ് ജില്ലയിൽ കൈറ്റ് ബീച്ച് ഉദ്ഘാടനത്തിനു ശേഷം തുടർപ്രവർത്തനങ്ങൾ നടന്നു വരുന്നു. ഹരിതടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എല്ലാ മാസവും കൃത്യമായ ശുചീകരണം നടന്നു വരുന്നുണ്ട്.

**ഹരിത ടൂറിസം ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 28 | 184 | 404 | 640 | 1228 | 0 | 0 | 0 | 0 | 102 | 284 |

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം കേന്ദ്രങ്ങൾക്കുള്ള മാർഗ്ഗരേഖ ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥാ പഠനം

എല്ലാ ജില്ലകളിലും നടന്നു. അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും അവതരണവും നടന്നു വരുന്നു. അവസ്ഥ പഠനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രവർത്തികൾക്കും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. അവ ഓരോ മാസവും വിലയിരുത്തുന്നുണ്ട്. സമർപ്പിച്ച പല പ്രൊജെക്ടുകളും അനുമതി വാങ്ങുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട ഇടപെടലുകൾ നടക്കുന്നുണ്ട്.

## 11. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

- 16466 മിനി മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (എം.സി.എഫ്)
- 1313 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (എം.സി.എഫ്)
- 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)
- 35352 ഹരിത കർമ്മ സേന അംഗങ്ങൾ.

| പ്രവർത്തനങ്ങൾ | |
|---|---|
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (ലക്ഷം) (വാർ റൂം ഡാറ്റ) | **77.11** |
| സംസ്ഥാനത്ത് ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) (വാർ റൂം ഡാറ്റ) | **7.1** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക് കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ) | **798.737** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക് കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ) | **1710.254** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക് കൈമാറിയ ഇ-മാലിന്യം (ടൺ) | **4.932** |
| യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം(കോടി) (വാർ ഡാറ്റ) | **29.87** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCF-കളുടെ എണ്ണം | **1313** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCF-കളുടെ എണ്ണം | **16466** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | **138** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | **1027** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് വഴി എൻറോൾ ചെയ്ത കെട്ടിടങ്ങൾ (ലക്ഷം) | **79.14** |

- ഏപ്രിൽ മാസത്തിൽ 798.737 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 1710.254 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 23.820 ടൺ ലെഗസി മാലിന്യങ്ങളും, 4.932 ടൺ ഇ-മാലിന്യങ്ങളും, 46.422 ടൺ ചില്ല് മാലിന്യവും 89.381 ടൺ തുണി മാലിന്യവും 17 ടൺ ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 26.522 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്തു.
- യൂസർഫീ ഇനത്തിൽ 29.87 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്. ഒരു ഹരിത കർമ്മസേന അംഗത്തിന് 8449 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയ്ക്കും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.

- ❖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വാർ റൂം ഡാറ്റയാണ് റിപ്പോർട്ടിൽ ഉൾകൊള്ളിച്ച വന്നിരുന്നത്. എന്നാൽ വാർ റൂം ഡാറ്റ സൈറ്റിൽ കഴിഞ്ഞ നാലു മാസങ്ങളായി update / മാറ്റം വരുത്തിയിട്ടില്ല.
- ❖ വാർ റൂം ഡാറ്റാ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള 77.11 ലക്ഷം വീടുകളിൽ നിന്നും 7.1 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്.
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 79.14 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.

| ശുചിത്വ-മാലിന്യ സംസ്കരണ ഏപ്രിൽ മാസം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **216** | **615** | **1390** | **2009** | **4014** | **5** | **851** | **7** | **259** | **808** | **7029** |

- ❖ കൊല്ലം ജില്ലയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഏപ്രിൽ മാസത്തിൽ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് യോഗം ചേർന്നിരുന്നു.
- ❖ ഇടുക്കി ജില്ലയിൽ കുമിളി ഗ്രാമ പഞ്ചായത്ത് മഴക്കാല പൂർവ്വ ശുചീകരണം പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കർമ്മ പരിപാടി സംഘടിപ്പിച്ചു.
- ❖ എറണാകുളം ജില്ലയിൽ മാലിന്യ മുക്ത നവകേരളം ആർ പി മാർക്കും തദ്ദേശസ്ഥാപനതല ഉദ്യോഗസ്ഥർക്കുമായി ശില്പശാല ഏപ്രിൽ മാസം എറണാകുളം ടൗൺ ഹാളിൽ വച്ച് നടന്നു.

## 12. ഗ്രീൻ പ്രോട്ടോകോൾ

- ❖ തിരുവനന്തപുരം ജില്ലയിൽ കിളിമാനൂർ ബ്ലോക്ക് പരിധിയിലെ മുഴുവൻ പഞ്ചായത്തുകളിലും ഹരിത കർമ്മ സേന അംഗങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഹരിത കർമ്മ സേന അംഗങ്ങളുടെ നേതൃത്വത്തിൽ ഹരിതചട്ടം പാലിച്ചുകൊണ്ട് ശുചീകരണം നടത്തി. പുലർച്ചെ നാലുമണി മുതൽ രാത്രി 9 മണി വരെ ഹരിത കർമ്മ സേന അംഗങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.
- ❖ കൊല്ലം ജില്ലയിൽ ലോകസഭാ ഇലക്ഷനുമായിബന്ധപ്പെട്ട് ജില്ലാതലത്തിൽ കളക്ടർ നടത്തിയ യോഗത്തിൽ ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്ററെ പ്രതിനിധീകരിച്ച് ടെക്നിക്കൽ അസ്സിസ്റ്റന്റും ബ്ലോക്ക്തലത്തിൽ ശുചിത്വ മിഷൻ നടത്തിയ യോഗത്തിൽ റിസോഴ്സ് പേഴ്സൺമാരും പങ്കെടുത്ത് തുടർ പ്രവർത്തനം നടത്തി. ബ്ലോക്ക് തലത്തിലെ യോഗങ്ങളിൽ ഏകദേശം 2000 പേർ പങ്കെടുത്തു.
- ❖ പത്തനംതിട്ട ജില്ലയിൽ പോളിംഗ് ബൂത്തുകളിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിനും, എം.സി.എഫുകളിൽ സംഭരിക്കുന്നതിനും ഹരിത കർമ്മ സേന അംഗങ്ങളെ നിയോഗിച്ചിരുന്നു. എല്ലാ പോളിംഗ് ബൂത്തുകളും ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.
- ❖ എറണാകുളം ജില്ലയിൽ പല ബ്ലോക്കുകളിലും, കോർപ്പറേഷനിലും കുട്ടികളുടെ നേതൃത്വത്തിൽ ഫ്ലാഷ് മോബ്, തെരുവുനാടകം തുടങ്ങിയ പ്രവർത്തനങ്ങളും, തിരഞ്ഞെടുപ്പ് നടക്കുന്ന പോളിംഗ് ബൂത്തുകളിൽ ജൈവ അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനും പ്രകൃതി സൗഹൃദവസ്തുക്കൾ ഉപയോഗിക്കുകയും ചെയ്തു.

- പാലക്കാട് ജില്ലയിൽ 13 ബ്ലോക്കുകളിലും 7 നഗരസഭകളിലും ഹരിത ചട്ടങ്ങൾ പാലിച്ചാണ് ഇലക്ഷൻ പ്രവർത്തനങ്ങൾ നടന്നത്. പട്ടാമ്പി, തൃത്താല, നെന്മാറ ബ്ലോക്കുകളിലെ ബൂത്തുകളിൽ പ്രധാനമായും ഓലകൾ കൊണ്ടുള്ള വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിരുന്നു. ഓലകൾ കൊണ്ടും മറ്റ് പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നങ്ങൾ കൊണ്ടും ഉണ്ടാക്കിയ അലങ്കാരങ്ങൾ ബോധവൽക്കരണത്തിന് സഹായകമായി.
- കാസറഗോഡ് ജില്ലയിൽ 983 പോളിംഗ് സ്റ്റേഷനുകളും 5 വിതരണ കേന്ദ്രങ്ങളുമാണുള്ളത്. 7 ബൂത്തുകൾ ശുചിത്വ മിഷൻ മുഖേന സാമ്പത്തിക സഹായത്തോടെ മാതൃകാ ഹരിത പോളിംഗ് സ്റ്റേഷനുകളായി മാറ്റി. കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ 20 ബൂത്തിൽ 36 ഹരിതകർമ്മസേനാംഗങ്ങൾ സഹകരിച്ചു. ഓലക്കൊട്ട ഉണ്ടാക്കി. ക്ലീനിംഗ്, കുടിവെള്ള വിതരണം നടത്തി.
- കണ്ണൂർ ജില്ലയിൽ കൊട്ടിയൂർ വൈശാഖമഹോത്സവം "ഹരിതോത്സവം" ആയി നടത്താൻ ദേവസ്വം ഓഫീസ് ഹാളിൽ ചേർന്ന വിവിധ വകുപ്പ്, മിഷൻ മേധാവികളുടെ യോഗം തീരുമാനിച്ചു.

## 13. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാട്ടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാട്ടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും".

- മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.
- പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു.

### സ്റ്റേറ്റ് ലെവൽ യോഗങ്ങൾ

- പ്രോജക്ട് തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് 2024 ഏപ്രിൽ 09 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും വിവിധ വകുപ്പ് പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. പദ്ധതിയുടെ കീഴിൽ തുടങ്ങി വെച്ച മൂന്നാർ മാലിന്യ സംസ്കരണം, ഹരിത ഇടനാഴി, സുസ്ഥിര കാർഷിക പ്രവർത്തനങ്ങൾ, ഉത്തരവാദിത്ത ടൂറിസം എന്നീ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പു വരുത്തുന്നതിന് വിവിധ വകുപ്പുകളുടെ സംയോജന സാധ്യതകൾ ഉപയോഗപ്പെടുത്തി തുടർ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തി.
- കൃഷി വകുപ്പുമായി ബന്ധപ്പെട്ട ആക്ഷൻ പോയിന്റുകൾ ചർച്ച ചെയ്യുവാൻ എ.പി.സി അധ്യക്ഷതയിൽ യോഗം 29-04-2024-ന് ചേർന്നു. മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി വരുന്ന സുസ്ഥിര കരിമ്പുകൃഷി, നെൽകൃഷിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ, കാന്തല്ലൂർ, മറയൂർ, അടിമാലി ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന തൈലപ്പുൽകൃഷി, മറ്റ് കാർഷിക പ്രവർത്തനങ്ങളിൽ സംയോജന സാധ്യതകൾ ചർച്ച ചെയ്തു. പദ്ധതിയുടെ ഭാഗമായി തുടങ്ങിയ എല്ലാ കാർഷിക പ്രവർത്തനങ്ങളുടെയും തുടർ പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും സംയുക്ത പരിപാടിയായി നടത്തുവാനും തുടർപ്രവർത്തനം സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ കൃഷി വകുപ്പിൽ നിന്നും തയ്യാറാക്കുവാനും എ.പി.സി നിർദേശം നൽകി.

**13.1) സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI)** - മണ്ണിന്റെ

ഗുണമേന്മ വർദ്ധിപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ എസ്.എസ്.ഐ മോഡലിലൂടെ കർഷകന് കൂടുതൽ വിളവ് ഉണ്ടാകുക, ഒപ്പം ജി.ഐ ടാഗുള്ള മറയൂർ ശർക്കരയ്ക്ക് കൂടുതൽ മൂല്യം കിട്ടുന്ന തരത്തിലുള്ള വിപണനം വരെ പിന്തുണ നൽകുന്ന തരത്തിൽ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

ഇതിന്റെ ഭാഗമായി കർഷകരുടെ ആവശ്യപ്രകാരം മണ്ണ് പര്യവേക്ഷണ -മണ്ണ് സംരക്ഷണ വകുപ്പുമായി ചേർന്ന് 58 കരിമ്പ് കർഷകരുടെ മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധന നടത്തുകയും, സോയിൽ ഹെൽത്ത് കാർഡ് തയ്യാറാക്കുകയും ചെയ്തു. സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു ഹെൽത്ത് കാർഡിലെ വിവരങ്ങൾ വിശദീകരിക്കുന്നതിനും കർഷകരുടെ സംശയ നിവാരണം നടത്തുന്നതിനായി കർഷകർക്കായി അഗ്രോ ക്ലിനിക്ക് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

**13.2) നെൽകൃഷി വികസനം** - അടിമാലി ഗ്രാമപഞ്ചായത്തിൽ കൊരങ്ങാട്ടി പാടശേഖരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കനാലുകൾ നവീകരിക്കുന്നതും, വന്യമൃഗ ശല്യത്തിന് പരിഹാര മാർഗങ്ങൾ അവലംബിക്കുന്നതും, കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പാടശേഖരത്തിലെ ജലസേചന-ജലനിർഗമന പോരായ്മകൾ പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് പാടശേഖരം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ അനുമതിക്ക് ഡീറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കൊരങ്ങാട്ടി പാടശേഖരത്തിലെ വന്യജീവി സംഘർഷം തടയുന്നതിനായി കൃഷി വകുപ്പ് വഴി RKVY സ്കീമിൽ ഉൾപ്പെടുത്തി സോളാർ ഫെൻസിങ് നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**13.3) പുൽതൈല കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും** - കർഷകർക്ക് വരുമാനം ഉറപ്പു വരുത്തുന്നതിനായി പുൽതൈല കൃഷി 28 ഏക്കറിൽ കൂടി കൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. 5 ഏക്കറിൽ കൃഷി തുടങ്ങുന്നതിന് ആവശ്യമായ അത്യുൽപാദന ശേഷിയുള്ള കൃഷ്ണ ഇനം തൈലപുൽ തൈകൾ ബാംഗ്ലൂരിലെ CIMAP ൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓടക്കാലിയിൽ പ്രവർത്തിക്കുന്ന Aromatic and Medicinal plants Research station വഴി തൈലപ്പുൽക്കൃഷിക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുൽതൈല യൂണിറ്റുകൾക്ക് അഗ്രി ബിസിനെസ് എന്റർപ്രൈസ് മാതൃകയിൽ കൃഷി വകുപ്പ് വഴി സഹായം നൽകുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

**13.4) നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം** - ലോക ജൈവ വൈവിധ്യ ദിനത്തിനോട് അനുബന്ധിച്ച് 2024 മെയ് 26, 27, 28 എന്നീ തീയതികളിലായി കുട്ടികൾക്കായി 'നീലക്കുറിഞ്ഞി' ജൈവ വൈവിധ്യ പഠനോത്സവ ക്യാമ്പ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

ഈ പഠനോത്സവത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ജൈവ വൈവിധ്യ വിജ്ഞാനവുമായി ബന്ധപ്പെട്ട് മെഗാക്വിസ് സംഘടിപ്പിക്കുവാനും ഇതിൽ നിന്നും തിരഞ്ഞെടുത്ത 60 കുട്ടികളെ നീലക്കുറിഞ്ഞി പഠനോത്സവ ക്യാമ്പിൽ പങ്കെടുപ്പിക്കും.

**13.5) മൂന്നാർ മാലിന്യ സംസ്കരണം** - മൂന്നാറിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ പ്രോജക്ട് മാനേജ്മന്റ് യൂണിറ്റ് നേതൃത്വത്തിൽ മൂന്നാർ സന്ദർശിച്ച് നേരിട്ട് സ്ഥിതി വിലയിരുത്തി അവസ്ഥ പഠന റിപ്പോർട്ട് തയ്യാറാക്കുകയും തുടർ നടപടികൾക്കായി സർക്കാരിനു സമർപ്പിച്ചു. നിലവിലെ പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള നിർദേശങ്ങളും പദ്ധതികൾക്കായുള്ള സ്കീം മാപ്പിങ്ങും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 14. പാറക്വാറി റീച്ചാർജിങ്

❖ ഉപേക്ഷിക്കപ്പെട്ട പാറമടകളിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം, വേനൽ കാലത്ത് കൃഷി, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള സാധ്യത തേടി ഹരിത കേരള മിഷൻ വിവിധ

പാറമടകൾ സന്ദർശിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ സാധ്യതയുള്ള 286 ക്വാറികൾ സംസ്ഥാനത്തു കണ്ടെത്തിയിട്ടുണ്ട്. സാധ്യതയുള്ള പാറമടകൾ ഹരിത കേരള മിഷൻ നേരിട്ട് പരിശോധിച്ച് ആയതിൽ ഏറ്റവും മുൻഗണന നൽകേണ്ടവ തിരഞ്ഞെടുത്തു നടപ്പിലാക്കുന്നതാണ്.

- ❖ കൊല്ലം ജില്ലയിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി പുതിയതായി 78 പാറക്വാറികൾ കൂടി കണ്ടെത്തിയിട്ടുണ്ട്. അവസ്ഥ പഠനം നടത്തിയതിനുശേഷം അനുയോജ്യമായ ഇടങ്ങളിൽ കരീപ്ര മോഡൽ പാറക്വാറി റീചാർജ്ജ് പദ്ധതി ആരംഭിക്കുന്നതിന് ഫീൽഡ് സന്ദർശനം അന്തിമഘട്ടത്തിലാണ്.
- ❖ പാലക്കാട് ജില്ലയിൽ 83 പാറമടകൾ റിസോഴ്സ് പേഴ്സൺമാർ സന്ദർശിച്ച് വിവരശേഖരണം നടത്തി. ഈ 83 പാറമടകളിൽ ഓരോ ബ്ലോക്കിൽ നിന്നും പദ്ധതി നടപ്പിലാക്കാൻ ഏറ്റവും സാധ്യതയുള്ളതും അനുയോജ്യമായതുമായ പാറമടകൾ തിരഞ്ഞെടുത്ത് ജില്ലാ കോർഡിനേറ്റർ അടക്കമുള്ള ടീം 2024 ഏപ്രിൽ മാസത്തിൽ സന്ദർശനം നടത്തി. ഇതിൽ നിന്ന് 22 അനുയോജ്യമായതുമായ പാറമടകൾ തിരഞ്ഞെടുത്തു.
- ❖ വയനാട് ജില്ലയിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ ഓവർസിയറെ കാണുകയും പാറക്വാറിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. 19, 8 എന്നീ രണ്ട് വാർഡുകളിലാണ് വെള്ളം കെട്ടികിടക്കുന്ന ക്വാറികളുള്ളത്. ഇവയെ സംബന്ധിച്ച പൊതുവായ വിവരങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.
- ❖ കോട്ടയം ജില്ലയിൽ പറക്വാറികൾ സന്ദർശിക്കുകയും ഉപയോഗപ്രദമായ 4 പറക്വാറികൾ കണ്ടെത്തുകയും ചെയ്തു. ഇതിന്റെ റിപ്പോർട്ട് സംസ്ഥാന ഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 മുതൽ 30.04.2024 വരെ 4,03,768 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 30.04.2024 വരെ**

| നം | ലൈഫ് മിഷൻ/ വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| 2 | ലൈഫ് രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 2,96,046 |
| 3 | ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 25,484 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 28,672 |
| 5 | ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 886 |
| | **ആകെ** | **4,03,768** |

## ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം
## വ്യക്തിഗത ഭവനം

| | | |
|---|---|---|
| ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) | - | 71,861 |
| കരാറിലേർപ്പെട്ടവരുടെ എണ്ണം | - | 1,63,570 |
| 2023-24 വർഷം പൂർത്തീകരിച്ച വീടുകൾ | - | 63,518 |
| നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ | - | 1,00,052 |
| റൂഫ് | - | 10,270 |
| ലിൻറിൽ | - | 15,564 |
| ബേസ്മെന്റ് | - | 18,323 |
| നിർമ്മാണം ആരംഭിച്ചവർ | - | 55,895 |
| ആകെ | - | 1,00,052 |

| 2024 മാർച്ച് വരെ | 2024 ഏപ്രിൽ മാസം | 2024 ഏപ്രിൽ വരെ |
|---|---|---|
| **4,03,558** | **210** | **4,03,768** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

| | | |
|---|---|---|
| വീട് വേണ്ടവർ | - | 8,342 |
| വീടും സ്ഥലവും വേണ്ടവർ | - | 7,018 |
| **ആകെ** | - | **15,360** |

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 3,928 പേരിൽ 1,883 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം**

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,69,262 |
| ഭൂരഹിത ഭവനരഹിതർ | 1,96,446 |
| **ആകെ** | **5,65,708** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2024 ഏപ്രിൽ വരെ 93,073 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 10250 |
| കൊല്ലം | 33675 | 7239 |
| പത്തനംതിട്ട | 10399 | 4215 |
| ആലപ്പുഴ | 30512 | 7312 |
| കോട്ടയം | 17394 | 4840 |
| ഇടുക്കി | 26299 | 2735 |
| എറണാകുളം | 23345 | 6260 |
| തൃശ്ശൂർ | 27916 | 6903 |
| പാലക്കാട് | 57949 | 7821 |
| മലപ്പുറം | 33631 | 17751 |
| കോഴിക്കോട് | 20894 | 7080 |
| വയനാട് | 17322 | 2661 |
| കണ്ണൂർ | 12236 | 4765 |
| കാസർഗോഡ് | 14450 | 3241 |
| ആകെ | 369262 | 93073 |

| 2024 മാർച്ച് വരെ | 2024 ഏപ്രിൽ മാസം | 2024 ഏപ്രിൽ വരെ |
|---|---|---|
| 92,948 | 125 | 93,073 |

**മനസ്സോടിത്തിരി മണ്ണ്** - മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2024 ഏപ്രിൽ മാസം വരെ 3016.738 സെന്റ് (30.16738 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1588.072 സെന്റ് (15.88072 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി** - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി** - ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 22 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

- ❖ അവധിക്കാല പരിശീലനങ്ങൾക്കാവശ്യമായ ജില്ലാതല യോഗങ്ങൾ ജില്ലകളിൽ ഡി.ജി.ഇമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും വിശദമായ പ്ലാനിങ്ങുകൾ നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ അധ്യാപക ശാക്തീകരണ പരിപാടികൾ നടക്കുന്നു. ഏപ്രിൽ മാസത്തിൽ ലോകസഭ തെരഞ്ഞെടുപ്പ് നടന്നതിനാൽ ജില്ലാ വികസന സമിതി യോഗങ്ങൾ ചേരാൻ കഴിഞ്ഞിട്ടില്ല.
- ❖ ഭൗതികസൗകര്യ വികസനപ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നുണ്ട്. നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾ 5 കോടിയിൽ 137ഉം, 3 കോടിയിൽ 171ഉം, 1 കോടിയിൽ 184ഉം ആണ്, അതേസമയം ഉദ്ഘാടനങ്ങൾ ഒന്നും ഏപ്രിൽ മാസത്തിൽ നടന്നില്ല.
- ❖ നീലക്കുറിഞ്ഞി ജില്ലാതല ക്വിസ് മത്സരത്തിനു വേണ്ട പിന്തുണാ സംവിധാനങ്ങൾ ജില്ലാ കോഡിനേറ്റർമാർ നിർവഹിച്ചു.
- ❖ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കും വൈദഗ്ധ്യത്തിനും അനുഗുണമായ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുക എന്ന ലക്ഷ്യത്തിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ ജില്ലകളിൽ ആരംഭിച്ചു. ജില്ലകൾക്ക് അനുവദിച്ചിരുന്ന ക്രിയേറ്റിവ് കോർണറുകൾ പ്രവർത്തനം ആരംഭിച്ചു. അപ്പർ പ്രൈമറി ക്ലാസുകളിലെ വിവിധ വിഷയങ്ങളുടെ ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം പ്രവർത്തി പഠനത്തെ ഉദ്ഗ്രഥിച്ചുകൊണ്ട് പഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതവും സമൂഹബന്ധിതവും രസകരവും ആക്കുക എന്നതാണ് ക്രിയേറ്റിവ് കോർണറിലൂടെ ലക്ഷ്യമിടുന്നത്. ഇപ്രകാരം നടക്കുന്ന തൊഴിൽ ഉദ്ഗ്രഥിത പഠനത്തിൽ കുട്ടികൾക്ക് തങ്ങളുടെ അറിവും ശേഷികളും നൈപുണികളും വികസിപ്പിക്കുവാൻ സാധിക്കുന്നു. നിശ്ചയിച്ചിട്ടുള്ള പഠനലക്ഷ്യങ്ങൾ നേടുന്നതിനോടൊപ്പം തൊഴിലിനോടും തൊഴിലെടുക്കുന്നവ രോടുമുള്ള അനുകൂലമനോഭാവം വളർത്തിയെടുക്കുക. സ്വന്തം അഭിരുചികളെ തിരിച്ചറിയാനും വികസിപ്പിക്കാനുമുള്ള അവസരം ലഭ്യമാക്കുക എന്നിവയും ക്രിയേറ്റീവ് കോർണർ ലക്ഷ്യം വയ്ക്കുന്നു.
- ❖ മലയാളമധുരം പുസ്തകവിതരണം: ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളിൽ വായന പരിപോഷി പ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർഴ്സ് ഫണ്ട് ഉപയോഗിച്ചുകൊണ്ട് സമഗ്ര ശിക്ഷാകേരളം ഈ വർഷം നടപ്പിലാക്കുന്ന മലയാള മധുരം പരിപാടിയുടെ പുസ്തക വിതരണം നടന്നു. മധ്യവേനൽ അവധിക്കാലത്ത് ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളിൽ വായന പരിപോഷിപ്പിക്കു ന്നതിനും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തന പാക്കേജാണ് 'മലയാള മധുരം.' കേരള ബുക്ക്മാർക്ക് വഴി എൽ.പി സ്കൂളുകൾക്ക് ലഭ്യമാക്കിയ 69 പുസ്തകങ്ങളും സ്കൂൾ ലൈബ്രറിയിലെയും ക്ലാസ്ലൈബ്രറിയിലെയും പുസ്തകങ്ങളും ഉൾപ്പെടെ ഒരു കുട്ടിക്ക് നാല് വീതം പുസ്തകങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. മെയ് മാസത്തിൽ 4 പുസ്തകങ്ങൾ കൂടി കട്ടികൾക്ക് വിതരണം ചെയ്യും. ഒന്ന്, രണ്ട് ക്ലാസുകളിൽ ഈ വർഷം നടപ്പിലാക്കിയ സചിത്ര പുസ്തകം, സംയുക്ത ഡയറി, ഭാഷോത്സവം. രചനോത്സവം ലോകമാതൃഭാഷാ ദിനാചരണം, സംയുക്ത ഡയറി അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് പി.ടി.എ ശിൽപശാലകൾ, ക്ലസ്റ്റർ പരിശീലനം, പിന്തുണാസാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ തുടർച്ചയാ യാണ് മലയാളമധുരം പരിപാടി നടപ്പിലാക്കുന്നത്. അവധിക്കാലത്ത് കുട്ടികൾ വീടുകളിലായി രിക്കുമ്പോൾ ഭാഷാശേഷികളുടെ തുടർച്ച നിലനിർത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.
- ❖ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി BRCയുടെ നേതൃത്വത്തിൽ റംസാൻ നിലാവ് എന്ന പേരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 18 ഭിന്നശേഷികുട്ടികളുടെ വീടുകളിൽ അധ്യാപകരുടെ നേതൃത്വത്തിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു.
- ❖ ഡയപ്പർ ചാലഞ്ച് : BRCകളുടെ നേതൃത്വത്തിൽ കിടപ്പിലായ കുട്ടികൾക്ക് സൗജന്യമായി ഡയപ്പർ വിതരണം ചെയ്യുന്നതിന് ബി.ആർ.സി.യിൽ "ഡയപ്പർ ബാങ്കുകൾ" സജ്ജീകരിച്ചു. സ്പോൺസർഷിപ്പിലൂടെയാണ് നടപ്പിലാക്കുന്നത്.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 6 (22%) | 14 |
| മൂന്നാം ഘട്ടം | 8 | 1 (13%) | 4 |
| **ആകെ** | **43** | **13 (30%)** | **18** |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 76 | 53 (70%) | 8 |
| രണ്ടാം ഘട്ടം | 75 | 13 (17%) | 19 |
| **ആകെ** | **151** | **66 (44%)** | **27** |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 170 | 166 (98%) | 1 |
| രണ്ടാം ഘട്ടം | 504 | 435 (86%) | 16 |
| മൂന്നാം ഘട്ടം | 212 | 82 (39%) | 32 |
| **ആകെ** | **886** | **683 (77%)** | **49** |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ )

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി. ഒന്നാം ഘട്ടം സർവേയുടെ ഭാഗമായി 1,54,26,116 (87%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 9,13,479 (5.9%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 27,91,006 (18%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 1,13,029 (0.7%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 4,38,450 (2.8%) പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടന്നു വരുന്നു. സർവേ വഴി ജീവിതശൈലീ രോഗസാദ്ധ്യത കണ്ടെത്തിയവരിൽ 26,75,539 പേരുടെ സ്ക്രീനിങ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ 8,04,891 (30.1%) പേർക്ക് രക്താതിമർദ്ദവും 68,283 (2.6%) പേർക്ക് പ്രമേഹവും പുതുതായി കണ്ടെത്തി.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 16,55,406 (10.7%) പേരുടേയും പ്രമേഹം മാത്രമുള്ള 13,37,381 (8.7%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 6,26,552 (4.1%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ടത്തിന്റെയും ശൈലി ആപ്പിന്റെ പുതിയ പതിപ്പിന്റെയും (ശൈലി 2.0) ഉത്ഘാടനം 2024 ഫെബ്രുവരി 15ന് ബഹു: ആരോഗ്യ വകുപ്പ് മന്ത്രി

നിർവഹിച്ചു. ഇഹെൽത്ത് രൂപകല്പന ചെയ്യുന്ന ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സർവേ നടത്തുന്നത്. സർവേയിൽ രോഗസാദ്ധ്യത കണ്ടെത്തുന്നവരെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ തുടർപരിശോധനയ്ക്ക് വിധേയരാക്കും. രണ്ടാം ഘട്ട സർവ്വേയുടെ ഭാഗമായുള്ള ചോദ്യാവലിയിൽ കുഷ്ഠരോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ, കാഴ്ച/കേൾവി പ്രശ്നങ്ങൾ, വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ മുതലായവ കണ്ടെത്താനുള്ള ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

- രണ്ടാം ഘട്ട സർവ്വേ 2024 ജൂൺ മാസത്തോടു കൂടി പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായുള്ള വിവിധ ശിൽപശാലകളും പരിശീലന പരിപാടികളും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പുരോഗമിക്കുന്നു.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്
- വാർഷിക ആരോഗ്യ പരിശോധനയുടെ ആദ്യ ഘട്ടത്തിൽ 9,13,479 (5.9%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്.
- ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാൻസർ കെയർ സ്യൂട്ടിന്റെ ഭാഗമായി ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. ഈ പോർട്ടൽ വഴി ഇതുവരെ 48,554 വ്യക്തികളുടെ പരിശോധന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വായിലെ കാൻസർ, ഗർഭാശയഗള കാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- കേരളത്തെ സെർവിക്കൽ (ഗർഭാശയഗള) ക്യാൻസർ വിമുക്ത സംസ്ഥാനമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ സെർവിക്കൽ ക്യാൻസർ നിർമ്മാർജ്ജനത്തിനായി സമർപ്പിച്ചിരിക്കുന്ന റോഡ് മാപ്പ് അംഗീകരിക്കുവാനും വാക്സിനേഷൻ പ്ലാൻ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുവാനും തീരുമാനിച്ചു.
- ഇതിന്റെ ഭാഗമായി ബഹു. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത ക്യാൻസർ കെയർ ബോർഡ് യോഗത്തിൽ വയനാട്, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് പദ്ധതിയായി സെർവിക്കൽ ക്യാൻസറിനുള്ള വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ററു ക്ലാസ്സുകളിലുള്ള വിദ്യാർഥിനികൾക്ക് നൽകുന്നതിന് തീരുമാനിച്ചു. സെർവിക്കൽ ക്യാൻസർ നിർമാർജ്ജനത്തിനായി തയ്യാറാക്കിയ റോഡ് മാപ്പ് അംഗീകരിച്ചു കൊണ്ടും, വയനാട്, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ സെർവിക്കൽ ക്യാൻസറിനുള്ള വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ററു ക്ലാസ്സുകളിലുള്ള വിദ്യാർഥിനികൾക്ക് സ്കൂളുകൾ മുഖേന നൽകുന്നതിന് തീരുമാനിച്ചു കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

## 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ച് കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

❖ കാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, AMR പരിശോധന മുതലായവ ഈ സംവിധാനം വഴി പരിശോധിക്കാനാകും.

❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് വേണ്ടി വിശദമായ മാപ്പിങ് ടൂൾ തയ്യാറാക്കി ജില്ലകളിലേക്ക് നൽകുകയും ജില്ലകളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തിയാക്കുകയും ചെയ്തു. ജില്ലകളിൽ നിർണ്ണയ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിവിധ ഡൊമൈനുകളിൽ ഉൾപ്പെടുന്ന പരിശോധനകൾ പൂർത്തീകരിക്കുവാൻ സാധിക്കുന്ന സ്പോക്കുകളുടേയും പ്രാഥമിക, ദ്വിതീയ ഹബ് ലാബുകളുടെയും മാപ്പിംഗ് നടത്തി ജില്ലകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

❖ പത്തനംതിട്ട ജില്ലയിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകളും കോട്ടയം ജില്ലയിൽ എഎംആർ, കാൻസർ, മൈക്രോബയോളജി ടെസ്റ്റുകളും, തൃശ്ശൂർ ജില്ലയിൽ എഎംആർ ടെസ്റ്റുകളും കൊല്ലം ജില്ലയിൽ എഎംആർ, കാൻസർ ടെസ്റ്റുകളും ഹബ്ബ് ആന്റ് സ്പോക്ക് ലാബ് സംവിധാനത്തിലൂടെ നടന്നു വരുന്നു.

❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 35 തരം പരിശോധനകൾക്ക് ഹബ്ബ് ആൻഡ് സ്പോക്ക് നെറ്റ്‌വർക്ക് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

❖ സംസ്ഥാനത്തെ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് 20/03/2024ന് ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

❖ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ പാലക്കാട്, കണ്ണൂർ ഒഴികെ എല്ലാ ജില്ലകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ച് 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

❖ എല്ലാ ജില്ലകളിലെയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി.

❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 28 ആയുർവേദ ഡോക്ടർമാർക്കും 46 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 754 ആയുർവേദ ഡോക്ടർമാർക്കും 327 പാരാമെഡിക്കൽ സ്റ്റാഫിനും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങൾ നൽകി.

❖ നിലവിൽ സംസ്ഥാനത്ത് 1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755

രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ കാൻസർ സെന്ററിലും മലബാർ കാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുവാൻ തീരുമാനമായി. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.

❖ സംസ്ഥാനത്തെ 16 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.

❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.

❖ വാർഷിക ആരോഗ്യ പരിശോധനയുടെ ആദ്യഘട്ട സർവേയിൽ 1,09,322 കിടപ്പുരോഗികളും 1,91,108 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 46,22,747 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു.

❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) 2024 ഫെബ്രുവരി മാസം ആരംഭിച്ചു. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ ആദ്യമായി ആണ് ഇങ്ങനെ ഒരു കോഴ്സ് നടപ്പിലാക്കുന്നത്. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 235 പേർ പരിശീലനം നേടി വരുന്നു.

❖ സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ' എന്ന പേരിൽ ഒരു ക്യാമ്പയിനും ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്യുവർക്ക് സർക്കാർ/എൻ.ജി.ഒ/സി.ബി.ഒ മേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പിന്തുണയോടെ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ പരിശീലനം നൽകും.

## 6) ഏകാരോഗ്യ സമീപനം (One Health Initiative)

❖ വൺ ഹെൽത്ത് പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചു.

❖ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി.

❖ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായം ലഭ്യമായിട്ടുണ്ട്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു.

❖ ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) - വൺ ഹെൽത്ത് – ആർ കെ ഐ (കേരള പുനർനിർമ്മാണ പദ്ധതി) എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.

❖ ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാൻ ജില്ലാതല

എ.എം.ആർ. (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) കമ്മിറ്റികൾക്കുള്ള പ്രവർത്തന മാർഗരേഖ പ്രസിദ്ധീകരിച്ചു. ബ്ലോക്ക് തല എ.എം.ആർ. കമ്മിറ്റികൾക്കുള്ള മാർഗരേഖ നേരത്തെ തന്നെ പ്രസിദ്ധീകരിച്ചിരുന്നു. ഇതുകൂടാതെയാണ് സംസ്ഥാനത്ത് ആദ്യമായി ജില്ലാതല എ.എം.ആർ. കമ്മിറ്റികൾക്കുള്ള പ്രവർത്തന മാർഗരേഖ പ്രസിദ്ധീകരിക്കുന്നത്.

- ❖ എറണാകുളം ജില്ല ജില്ലാതല ആന്റിബയോഗ്രാം തയ്യാറാക്കിയതോടെ ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കാർസാപ്പിന്റെ ഭാഗമായി ശാക്തീകരിച്ച ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലൂടെ രാജ്യത്തെ ആദ്യത്തെ ജില്ലാതല ആന്റിബയോഗ്രാം തയ്യാറാക്കുന്ന സംസ്ഥാനമായി കേരളം മാറി. എല്ലാ ജില്ലകളിലും ബ്ലോക്കുകളിലും നേരത്തെ തന്നെ രൂപീകരിച്ചിരുന്ന എ.എം.ആർ കമ്മിറ്റികളുടെ പ്രവർത്തനഫലമായാണ് എറണാകുളം ജില്ലയിൽ ഇത് സാധ്യമായത്.
- ❖ കാർസാപ്പ് അവലോകന യോഗത്തിൽ ജില്ലാതല ആന്റിബയോഗ്രാമിനോടൊപ്പം ലോക എ.എം.ആർ. അവബോധ വാരാചണത്തോടനുബന്ധിച്ചും ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായും കേരളം ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുള്ള പുസ്തകവും പുറത്തിറക്കി.
- ❖ കൂടുതൽ ആശുപത്രികളെ കാർസ്നെറ്റ് ശൃംഖലയിലേക്കും ആന്റിബയോട്ടിക് സ്മാർട്ടിലേക്കും മാറ്റിയിട്ടുണ്ട്.
- ❖ സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് പ്രവർത്തനമാരംഭിച്ചു. ജില്ലാ തലത്തിൽ District Programme Management & Support Unit (DPMSU)-കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ ലോക ബാങ്ക് ആദ്യ വർഷത്തേക്ക് നിശ്ചയിച്ച എല്ലാ സൂചകങ്ങളും ജില്ല നേടിയെടുത്തിട്ടുണ്ട്, വൺ ഹെൽത്ത് ജില്ലാ മെന്ററർമാരെ നിയോഗിച്ചു. 50 തദ്ദേശ സ്ഥാപനങ്ങളിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചു.
- ❖ കോട്ടയം ജില്ലയിൽ ജില്ലാ എ.എം.ആർ ലാബ് പ്രവർത്തനക്ഷമമാണ്. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രിസ്ക്രിപ്ഷൻ കൂടാതെ മരുന്നുകൾ നൽകരുതെന്ന നിർദ്ദേശം മെഡിക്കൽ ഷോപ്പുകൾക്ക് നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു.
- ❖ മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കിലും എ എം ആർ കമ്മിറ്റി രൂപീകരിച്ചു. പബ്ലിക് ഹെൽത്ത് ലാബിൽ എ എം ആർ ലാബ് സംവിധാനം സ്ഥാപിച്ച് കൾച്ചർ ടെസ്റ്റുകൾ ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശക്തമായി നടന്നു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജന്തുജന്യ രോഗങ്ങൾക്കെതിരായ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ പ്രത്യേക കർമ്മപദ്ധതി പ്രകാരം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.
- ❖ പമ്പാ ബേസിൻ ജില്ലകളിൽ സമൂഹാധിഷ്ഠിത രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി 2,50,000 സന്നദ്ധസേവകർക്ക് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി വിന്യസിക്കുക എന്നതായിരുന്നു ഏകാരോഗ്യ പരിപാടിയുടെ രണ്ടാം വർഷ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം 2024 മാർച്ച് പകുതിയോടെ കൈവരിക്കാനായി.
- ❖ ഏകാരോഗ്യം പരിപാടി നടപ്പിലാക്കിവരുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലായി നിലവിൽ 2,53,726 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നല്കി വിന്യസിച്ചിട്ടുണ്ട്. ഇവരിൽ 2,21,674 പേർ കമ്മ്യൂണിറ്റി വോളണ്ടിയർമാരും 32,052 പേർ കമ്മ്യൂണിറ്റി മെന്റർമാരുമാണ്. രോഗസാദ്ധ്യതാ നിരീക്ഷണമാണ് ഈ സന്നദ്ധ പ്രവർത്തകരുടെ ഉത്തരവാദിത്തം. ഇത്തരത്തിൽ പൊതുജനാരോഗ്യത്തെ ബാധിക്കുന്ന സംഭവങ്ങൾ

പ്രാദേശികതലത്തിൽ കണ്ടെത്തി റിപ്പോർട്ടു ചെയ്യുന്നതിനായി ഒരു പഞ്ചായത്ത് വാർഡ്/ മുനിസിപ്പാലിറ്റി ഡിവിഷനിൽ ഏഴു കമ്മ്യൂണിറ്റി മെന്റർമാരും 49 കമ്മ്യൂണിറ്റി വോളണ്ടിയർമാരുമടക്കം 56 സന്നദ്ധ പ്രവർത്തകരെയാണ് ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി വിന്യസിച്ചിട്ടുള്ളത്.

❖ ഏകാരോഗ്യം പരിപാടി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും മറ്റ് അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിൻറെ ഭാഗമായുള്ള ആസൂത്രണ ശില്പശാല 2024 ഏപ്രിൽ 8 ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയറിന്റെ തൈക്കാട് ട്രെയിനിങ്ങ് സെന്ററിൽ നടന്നു. വിവിധ വകുപ്പുകളിൽ നിന്നായി 38 ഉദ്യോഗസ്ഥർ ശില്പശാലയിൽ പങ്കെടുത്തു.

❖ മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം നേരത്തെ കണ്ടെത്താനും സ്ഥിരീകരിക്കാനും നിയന്ത്രിക്കാനും ആരോഗ്യവകുപ്പിനൊപ്പം വിവിധ വകുപ്പുകളും പങ്കാളികളാകുന്ന സംയോജിത പരിശോധനക്കൾക്ക് (ജോയിന്റ് ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ) ആവശ്യമായ മാർഗ്ഗരേഖ (സ്റ്റാൻഡേർഡ് ഓപറേറ്റിങ് പ്രൊസീജിയർ) തയാറാക്കുന്നതിന് സെന്റർ ഫോർ വൺ ഹെൽത്തിന്റെ നേതൃത്വത്തിൽ തൈക്കാട് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയറിൽ എപ്രിൽ 16,17 തീയതികളിലായി ശിൽപശാല നടത്തി.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

❖ മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

❖ കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.

❖ പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത് തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി.

❖ കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.

❖ ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്റ്റർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.

❖ ഇടുക്കി ജില്ലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 2021-22 ൽ 40% ന് മുകളിൽ ക്ഷയരോഗത്തിന്റെ ഇൻസിഡൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് സബ്-നാഷണൽ സർട്ടിഫിക്കേഷനിൽ സിൽവർ മെഡൽ ലഭിക്കുകയുണ്ടായി.

❖ തൃശ്ശൂർ ജില്ലയിൽ കാലാ അസർ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടില്ല. മന്ത്, മലേറിയ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ ചികിത്സ. മൈഗ്രന്റ് സക്രീനിംഗ് , വെക്ടർ സർവെയിലൻസ് എന്നിവ നടന്നു വരുന്നു. മിസ്റ്റ് ടീം ഡേ നൈറ്റ് ക്യാമ്പുകൾ നടത്തിവരുന്നു.

❖ പാലക്കാട് ജില്ലയിൽ മന്ത് രോഗ നിവാരണവുമായി ബന്ധപ്പെട്ട് എംഡിഎ അസ്സെസ്സ്മെന്റ് സർവേയിൽ എംഎഫ് നിരക്ക് 1% കൂടുതലുള്ള 2 ബ്ലോക്കുകളിൽ ഒരു റൗണ്ട് എംഡിഎ തുടരാൻ തീരുമാനിച്ചു. ജില്ലയിൽ 2022 ൽ തദ്ദേശീയമായ കേസ് കണ്ടെത്തിയതിനെ തുടർന്ന് മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലയിൽ അവസാന കാലാ അസർ കേസ് കണ്ടെത്തിയത് 2021-ലാണ്. തുടർന്ന് ഫീൽഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, 2022-ൽ നടത്തിയ തുടർ സർവേയിൽ പുതിയ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 81 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 33 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 48 |
| നിർമ്മാണം പുരോഗമിക്കുന്നവ | 33 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ അടിമാലി, ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു. IAV, IGIB, RGCB, NIV തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ഇതിനായി SHSRCയിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRCയുടെയും 19 എണ്ണത്തിന് IECയുടെയും അംഗീകാരം ലഭിച്ചു.
- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടികയിലുള്ളവരിൽ നിന്നും ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്
- നിലവിൽ SHSRCയുടെ ആഭിമുഖ്യത്തിൽ 36 ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 20 എണ്ണത്തിന്റെ വിവരശേഖരണവും ഡാറ്റാ അനാലിസിസും പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ വിവരശേഖരണ ഘട്ടത്തിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ ന്റെ ധനസഹായത്തോടെ 4 പദ്ധതികളും KSACS/NACOയുടെ ധനസഹായത്തോടെ 6 പദ്ധതികളും നടന്നു വരുന്നു.
- SHSRCയുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

### ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- 2024 മാർച്ച് മാസത്തെ കണക്കനുസരിച്ച്, 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 212 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 5409 എംഎൽഎസ്പി (മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ്) തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 4792 എംഎൽഎസ്പി കൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.
- ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ പ്രതിദിനം ശരാശരി 12 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 60% സ്ത്രീകളാണ്.
- **വെൽ വുമൺ ക്ലിനിക്കുകൾ:** ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ പ്രതിമാസം ശരാശരി 3 വെൽ വുമൺ ക്ലിനിക്കുകൾ നടത്തി വരുന്നു, ഒരു ക്ലിനിക്കിൽ 10 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.
- **ജീവിതശൈലീ രോഗ ക്ലിനിക്കുകൾ:** ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ പ്രതിമാസം ശരാശരി നാല് ജീവിതശൈലീ രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 25 പേരെങ്കിലും സേവനം തേടുന്നതായി റിപോർട്ട് ചെയ്തിട്ടുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.
- **ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ:** ഒരു മാസത്തിൽ ശരാശരി, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 99 ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 122 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 38 ഭവന സന്ദർശനങ്ങളും നടത്തുന്നുണ്ട്.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.

### ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ

- ഏപ്രിൽ മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. ഏപ്രിൽ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 749 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1122 യോഗങ്ങൾ ഏപ്രിൽ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 167 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 216 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 135 യോഗങ്ങളും, ജല ബജറ്റിനായി 109 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 41 യോഗങ്ങളും, പച്ചത്തുരുത്തിനായി 83 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 33 ജില്ലാ തല യോഗങ്ങളും 56 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 695 തദ്ദേശ സ്വയംഭരണ യോഗങ്ങളും 234 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി ഏപ്രിൽ മാസത്തിൽ കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 2635 ജനപ്രതിനിധികളും 7322 ഉദ്യോഗസ്ഥരും, 5634 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 15591 പേർ ഏപ്രിൽ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 14 ശില്പശാലകൾ നടത്തുകയും ആയതിൽ 1134 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 25 പരിശീലനങ്ങൾ ഏപ്രിൽ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 4570 പേർ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഏപ്രിൽ മാസത്തിൽ 7092 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 13811 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഏപ്രിൽ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

# ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം

## ഏപ്രിൽ മാസത്തിലെ പ്രവർത്തനം

| സ്കീം/ പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം | നഗരസഭാ/ കോർപറേഷൻ തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| കളക്ടറുടെ ജില്ലാ യോഗം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ജില്ലാ മിഷൻ യോഗം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| തദ്ദേശ മിഷൻ യോഗം | 0 | 0 | 9 | 0 | 0 | 9 | 24 | 33 | 12 | 69 | 0 | 0 | 0 | 0 | 0 | 0 |
| മാലിന്യ സംസ്കരണം | 15 | 26 | 151 | 24 | 0 | 216 | 615 | 1390 | 2009 | 4014 | 5 | 851 | 7 | 259 | 808 | 7029 |
| ഹരിത വിദ്യാലയം | 0 | 2 | 74 | 6 | 53 | 135 | 110 | 875 | 356 | 1341 | 0 | 0 | 0 | 0 | 358 | 415 |
| ഹരിത ഓഫീസ് | 0 | 1 | 34 | 11 | 121 | 167 | 165 | 901 | 184 | 1250 | 0 | 0 | 2 | 71 | 583 | 1035 |
| ഹരിത ടൂറിസം | 0 | 0 | 16 | 9 | 3 | 28 | 184 | 404 | 640 | 1228 | 0 | 0 | 0 | 0 | 102 | 284 |
| മാപത്തോൺ | 0 | 3 | 18 | 1 | 0 | 22 | 121 | 242 | 76 | 439 | 0 | 0 | 0 | 0 | 57 | 52 |
| ജല ബജറ്റ് | 1 | 8 | 87 | 7 | 6 | 109 | 402 | 597 | 204 | 1203 | 0 | 0 | 2 | 80 | 1955 | 413 |
| നീരുറവ് | 0 | 8 | 61 | 0 | 1 | 70 | 180 | 551 | 111 | 842 | 0 | 0 | 0 | 0 | 533 | 361 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 0 | 0 | 9 | 0 | 0 | 9 | 9 | 104 | 5 | 118 | 0 | 0 | 0 | 0 | 16 | 5 |
| ജലഗുണനിലവാര ലാബ് | 0 | 0 | 29 | 1 | 0 | 30 | 57 | 104 | 66 | 227 | 0 | 0 | 0 | 0 | 164 | 179 |
| പാറക്വാറി പ്രവർത്തനങ്ങൾ | 0 | 2 | 1 | 0 | 0 | 3 | 19 | 76 | 27 | 122 | 0 | 0 | 0 | 0 | 42 | 56 |
| നെറ്റ് സീറോ കാർബൺ | 1 | 0 | 22 | 3 | 15 | 41 | 68 | 165 | 311 | 544 | 0 | 0 | 0 | 0 | 172 | 92 |
| നെറ്റ് സീറോ കാർബൺ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | 0 | 0 | 8 | 1 | 0 | 9 | 8 | 16 | 27 | 51 | 8 | 250 | 0 | 0 | 26 | 0 |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | 0 | 0 | 35 | 0 | 2 | 37 | 112 | 170 | 106 | 388 | 0 | 0 | 1 | 11 | 259 | 301 |
| പച്ചത്തുരുത്ത് | 0 | 0 | 59 | 8 | 16 | 83 | 225 | 452 | 220 | 897 | 1 | 33 | 0 | 0 | 1439 | 617 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 8 | 4 | 48 | 14 | 17 | 91 | 176 | 626 | 833 | 1635 | 0 | 0 | 8 | 4034 | 400 | 2905 |
| തനതു പ്രവർത്തനം | 8 | 2 | 34 | 20 | 0 | 63 | 160 | 616 | 447 | 1223 | 0 | 0 | 5 | 115 | 178 | 67 |
| ആകെ | 33 | 56 | 695 | 105 | 234 | 1122 | 2635 | 7322 | 5634 | 15591 | 14 | 1134 | 25 | 4570 | 7092 | 13811 |